## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

2011 നവംബർ 04, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തരപ്രമേയം

### പെട്രോൾ വിലവർദ്ധന

മി. സ്പീക്കർ: ഭക്ഷ്യവസ്തുക്കളുടെ വിലസൂചിക 12.21 ആയി കുതിച്ചുയർന്ന സാഹചര്യത്തിൽ വീണ്ടും പെട്രോൾ വില വർദ്ധിപ്പിച്ചിരിക്കുന്നത് വിലക്കയറ്റം രൂക്ഷമാക്കുമെന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. ടി.എം. തോമസ് ഐസക്, സർവ്വശ്രീ വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാനത്ത് പെട്രോളിന്റെ വിലയിൽ ഇന്നലെ അർദ്ധരാത്രി മുതൽ 1.82 രൂപയുടെ വർദ്ധനവുണ്ടായിരിക്കുകയാണ്. രൂപയുടെ മൂല്യം ഇടിഞ്ഞതുമൂലമുണ്ടായ നഷ്ടം നികത്തുന്നതിനുവേണ്ടിയാണെന്ന ന്യായമാണ് പെട്രോളിയം കമ്പനികൾ പറഞ്ഞിട്ടുള്ള

ത്. ഇപ്പോഴുള്ള വിലക്കയറ്റത്തിന് ആക്കംകൂട്ടത്തക്കവിധത്തിലുള്ള ഈ വർദ്ധനവ് ഒഴിവാക്കണമെന്നുതന്നെയാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം. ഇതിനുമുമ്പ് രണ്ട് പ്രാവശ്യം പെട്രോളിന്റെയും ഒരുപ്രാവശ്യം ഡീസലിന്റെയും വില വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് അതിൽ നിന്ന് കിട്ടുന്ന അധിക നികുതി വേണ്ടെന്ന് വയ്ക്കുകയുണ്ടായി. ഈ വിലവർദ്ധനവുമൂലം പൊതുമാർക്കറ്റിലുണ്ടാകുന്ന വിലവർദ്ധനവ് പരമാവധി നിയന്ത്രിക്കുന്നതിനും അരി ഉൾപ്പെടെയുള്ള അത്യാവശ്യ വസ്തുക്കൾ ന്യായ മായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും സംസ്ഥാന ഗവൺമെന്റിന്റെ പരിമിതി ക്കുള്ളിൽ നിന്നുകൊണ്ട് എല്ലാ നടപടികളും സ്വീകരിക്കും. പെട്രോളിന്റെ വിലനിർണ്ണയാധികാരം കമ്പനികൾക്ക് വിട്ടുകൊടുത്തപ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് പ്രതിഷേധിക്കുകയും ആ അധികാരം കേന്ദ്ര ഗവൺമെന്റിൽത്തന്നെ നിക്ഷിപ്തമായിരിക്കണമെന്നാവശ്യപ്പെടുകയും ഇക്കാര്യം കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരു കയും ചെയ്തിട്ടുണ്ട്.

ഡോ. ടി.എം. തോമസ് ഐസക്: പെട്രോളിന്റെ വില വർദ്ധിപ്പി ക്കാനുള്ള അവകാശം പെട്രോളിയം കമ്പനികളിൽ നിന്ന് എടുത്ത് കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാക്കണമെന്ന് കേരള നിയമസഭ അഭ്യർത്ഥിക്കുന്നു എന്നത് ഒരു പ്രമേയമായി കേന്ദ്ര സർക്കാരിനെ അറിയിക്കാൻ തയ്യാറാകണം. വിലക്കയറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്ന നാളുകളിൽ പെട്രോളിന്റെ വില വർദ്ധിപ്പിച്ചത് ന്യായമല്ല. കാലാകാലങ്ങളിൽ പെട്രോളിയം കമ്പനികൾക്ക് നഷ്ടമുണ്ടായാൽ ആ നഷ്ടം സബ്സിഡിയായി കൊടുക്കുകയാണ് ചെയ്തി രുന്നതെങ്കിൽ ഇപ്പോൾ കേന്ദ്ര സർക്കാരും റിലയൻസ് പോലുള്ള കുത്തക കളും ചേർന്ന് പെട്രോളിയം ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുകയാണ്.

വിലക്കയറ്റത്തിന് കാരണം രൂപയുടെ മൂല്യം ഇടിഞ്ഞതാണെന്ന ന്യായമാണ് മുഖ്യമന്ത്രി പറയുന്നത്. ഒരു ബാരൽ ക്രൂഡ് ഓയിലിന് ഏതാണ്ട് 150 രൂപ വില വർദ്ധിപ്പിച്ചപ്പോഴാണ് പെട്രോളിന് 1.82 രൂപ വില വർദ്ധിപ്പിച്ചിരിക്കുന്നത്. ഈ വിലവർദ്ധനയിലൂടെ കേരളത്തിൽ ധാന്യങ്ങൾക്കും പച്ചക്കറികൾക്കും വില വർദ്ധിക്കും. ഈ സർക്കാർ അധികാരമേറ്റശേഷം വിലക്കയറ്റത്തെ പിടിച്ചുനിർത്താനായി റിസർവ് ബാങ്ക് 12 തവണ പലിശ നിരക്ക് ഉയർത്തിയതിന്റെ ഫലമായി വ്യാവസായിക വളർച്ച നാല് ശതമാനത്തിലേക്ക് താഴ്ന്നിരിക്കുന്നു. അത്തരത്തിൽ വ്യാവസായിക വളർച്ചയെ മുരടിപ്പിച്ചുകൊണ്ട് വിലക്കയറ്റം പിടിച്ചുനിർത്താൻ പരിശ്രമിക്കുമ്പോൾ രാജ്യത്ത് വിലക്കയറ്റത്തോടൊപ്പം സാമ്പത്തികമാന്ദ്യവും തൊഴിലില്ലായ്മയും വർദ്ധിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളെ ന്യായീകരിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. എണ്ണവില നിശ്ചയിക്കാനുള്ള അധികാരം എണ്ണക്കമ്പനികളിൽ നിന്ന് മാറ്റുന്നതിനും വിലക്കയറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പെട്രോളിന്റെ വില അന്യായമായി വർദ്ധിപ്പിച്ചത് പിൻവലിക്കുന്നതിനും സഭ ഒത്തൊരുമിച്ച് ചർച്ച ചെയത് പ്രമേയം പാസ്സാക്കേണ്ടതാണ്. ഇൻഡ്യയിലെ മുഴുവൻ പ്രതിപക്ഷ ട്രേഡ് യൂണിയനുകളും വിലക്കയറ്റത്തിനെതിരായി വലിയ ജനകീയപ്രക്ഷോഭത്തിലേക്ക് വരാൻ പോകുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : പെട്രോളിന്റെ വിലവർദ്ധനവ് ഭക്ഷ്യവസ്തുക്കൾക്ക് വിലക്കയറ്റം ഉണ്ടാക്കുന്നത് ജനങ്ങളെ ബാധിക്കുന്ന പ്രശ്നമായതിനാൽ അതേക്കുറിച്ച് ചർച്ചചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

<u>മി. സ്പീക്കർ:</u> അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാമെന്ന ഗവൺമെന്റിന്റെ നിലപാടിന്റെ അടിസ്ഥാനത്തിൽ ഇന്ന് ഉച്ചയ്ക്കുശേഷം രണ്ടര മണിക്ക് ചർച്ച നടത്താവുന്നതാണ്.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> അടിയന്തരപ്രമേയത്തെക്കുറിച്ചുള്ള ചർച്ച തത്സമയം സംപ്രേഷണം ചെയ്യാൻ അനുവദിക്കണം.

<u>മി. സ്പീക്കർ:</u> അടിയന്തിരപ്രമേയ ചർച്ച തത്സമയം സംപ്രേഷണം ചെയ്യുന്നതിൽ പ്രതിപക്ഷത്തിന്റെ അഭിപ്രായം അറിയാൻ ചെയർ ആഗ്രഹിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> നിയമസഭാ നടപടി നമ്പൂർണ്ണമായി സംപ്രേഷണം ചെയ്യുന്നതിനും പ്രതിപക്ഷം അനുകൂലമാണ്

<u>മി. സ്പീക്കർ:</u> നിയമസഭാനടപടി സമ്പൂർണ്ണമായി ടെലിക്കാസ്റ്റ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാം.

## <u>പ്രത്യേക പരാമർശം</u>

### <u>ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ ജയിൽ വിമുക്തനാക്കിയത് സംബന്ധിച്ച്</u>

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയുടെ പേരിലുള്ള കേസിന്റെ സുപ്രീം കോടതി വിധിയിൽ അഴിമതിയെ ആസ്പദമാക്കിയുള്ള ശിക്ഷയാണ് നൽകുന്നതെന്ന് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. പതിനായിരം രൂപയും ഒരു കൊല്ലത്തെ തടവും വിധിച്ചെങ്കിലും 69 ദിവസമാണ് പ്രതിയെ ജയിലിൽ കഴിയാൻ അനുവദിച്ചത്. 75 ദിവസം പരോളിലും 87 ദിവസം ആശുപത്രിയിലും കഴിയാൻ അനുവദിച്ച അദ്ദേഹത്തെ അവസാനം ജയിൽവിമുക്തനാക്കുകയാണ് ചെയ്തത്. കോടതി വിധിയെ ദുർവ്യാഖ്യാനം ചെയ്ത് ശ്രീ. ആർ ബാലകൃഷ്ണ പിള്ളയെ രക്ഷിക്കാൻവേണ്ടി മുഖ്യമന്ത്രി നടത്തിയ ശ്രമം അവഹേള

നാർഹവും നിയമസഭയ്ക്ക് അപമാനകരവുമാണ്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി നടത്തിയ വസ്തുതാവിരുദ്ധമായ പ്രസ്താവന തിരുത്താൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. ആർ. ബാലകൃഷ്ണപിള്ള ജയിലിൽ കഴിഞ്ഞത് 91 ദിവസവും അദ്ദേഹത്തിന് നിയമാനുസൃതമായിട്ടുള്ള പരോൾ അനുവദിച്ചത് 75 ദിവസവുമാണ്. തിരുവനന്തപുരം മെഡിക്കൽകോളേജിലെ 6 ഡോക്ടർമാരടങ്ങുന്ന മെഡിക്കൽ ബോർഡ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം 88 ദിവസം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ് 2010-ൽ ജയിൽ നിയമത്തിൽ 78(2) പ്രൊവിഷനിൽ ഭേദഗതി കൊണ്ടുവന്നത്. ഒരാളെ ശിക്ഷിക്കുന്ന സമയത്ത് രാജ്യത്ത് നിലനിൽക്കുന്ന നിയമമാണ് ശിക്ഷ കഴിയുന്നതുവരെ ബാധകമായിട്ടുള്ളത് എന്ന ഒരു സുപ്രീം കോടതി വിധി നിലവിലുണ്ട്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ശിക്ഷിച്ചത് 2005-ലാണ്. അന്നത്തെ നിയമമാണ് ഇതിൽ ബാധകമായിട്ടുള്ളത്. കേരളപ്പിറവിയുടെ 50-ാം വാർഷികത്തിന്റെ ആനുകൂല്യം എന്നനിലയിൽ ജീവപര്യന്തം തടവിന് ശിക്ഷിച്ചവർക്ക് 2 വർഷത്തെ ശിക്ഷ ഇളവ് അനുവദിച്ചുകൊണ്ട് 8 മാസം കഴിഞ്ഞ് 8-6-2007-ൽ ഉത്തരവിറക്കിയ എൽ. ഡി.എഫ്. ഗവൺമെന്റിന്റെ നടപടി ശരിയായിരുന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമവിരുദ്ധമായി പരോൾ അനുവദിക്കുകയും ആർ.എസ്.എസ്.-കാരുമായി രഹസ്യകരാറുണ്ടാക്കി രണ്ട് കൊലക്കേസ് പ്രതികളെ കാലാവധിക്കുമുമ്പ് വിട്ടയയ്ക്കുകയും ചെയ്തിട്ടു

ണ്ട്. അഴിമതിക്കേസിൽ ശിക്ഷിക്കപ്പെട്ടവരെ വിട്ടയച്ചതിന്റെ പേരുവിവരം ഇന്ന് സഭ അവസാനിക്കുന്നതിനുമുമ്പ് നൽകുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജയിൽ നിയമം 78(2) അനുസരിച്ച് ഒരാൾക്ക് ശിക്ഷ ഇളവ് ചെയ്തുകൊടുക്കാൻ കഴിയുന്നത് ശിക്ഷാ കാലാവധിയുടെ മൂന്നിലൊരുഭാഗം മാത്രമാണ്. ചട്ടം റിലാക്സ് ചെയ്യാൻ സർക്കാരിന് അധികാരമില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ കീഴ്കോടതി 5 വർഷത്തേക്ക് ശിക്ഷിക്കുകയും സുപ്രീംകോടതി അത് ഒരു വർഷമാക്കി കുറവുചെയ്യുകയുമാണുണ്ടായത്. ഒരു വർഷം കഠിനതടവിന് ശിക്ഷിച്ച്, ചുരുങ്ങിയത് 8 മാസം ജയിലിൽ കഴിയേണ്ട അദ്ദേഹം 91 ദിവസം മാത്രമേ ജയിലിൽ കഴിഞ്ഞിട്ടുള്ളൂ. അഴിമതി കേസ്സിൽ ശിക്ഷിക്കപ്പെട്ട ഒരാളെപ്പോലും ഇൻഡ്യയിലെ ഒരു ജയിലിൽനിന്നും ഇങ്ങനെ ശിക്ഷ ഇളവ് ചെയ്ത് വിട്ടിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ താമസിച്ചതുകൊണ്ടാണ് എൽ.ഡി.എഫ്. ഭരണകാലത്ത് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടവർക്ക് 2 വർഷത്തെ ശിക്ഷ ഇളവ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിറക്കാൻ താമസം നേരിട്ടത്. ആ ഗവൺമെന്റ് തടവുകാർക്ക് അർഹിക്കുന്ന പരിഗണന കൊടുത്തിരുന്നു. ആർ. എസ്.എസ്സുമായി ധാരണയുണ്ടാക്കി എന്ന് മുഖ്യമന്ത്രി പറഞ്ഞതിനെ നിഷേധിക്കുന്നതോടൊപ്പം അത് തെളിയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ശ്രീ. ആർ ബാലകൃഷ്ണപിള്ളയ്ക്ക് ശിക്ഷാകാലാവധി ഇളവുചെയ്ത് കൊടുത്തതിനെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യായീകരിക്കുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ടു പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ ഒന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി II, VII, XII എന്നിവയുടെ 2010–11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ച് ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

**നിയമനിർമ്മാണകാര്യം**

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ

കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 2003-ലെ ധനഉത്തരവാദിത്ത നിയമം നാലാം വകുപ്പ് രണ്ടാം ഉപവകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് റവന്യൂ കമ്മിയും ധനക്കമ്മിയും കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2013 -14-ൽ ധനക്കമ്മി 3 ശതമാനമായി കുറവ് ചെയ്യുന്നതിനും 2014-15-ൽ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബിൽ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ.ടി.എം.തോമസ് ഐസക് : വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലിൽ ധാരാളം അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിനുമേൽ ധനപരമായുള്ള റൂൾസ് ബേയ്സ്ഡ് ഗവേണൻസ് കൊണ്ടുവരുന്നതിനോട് യോജിപ്പില്ല. ഇന്നത്തെ ഫെഡറൽ സംവിധാനത്തിനുള്ളിൽ ഇങ്ങനെ ഒരു നിയമം പാസ്സാക്കേണ്ടത് അനിവാര്യമാണ്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരണമെന്ന നിർദ്ദേശത്തോട് യോജിപ്പുണ്ടെങ്കിലും അത് സംസ്ഥാനത്തിന്റെ മാത്രം ചുമതലയിൽ ചെയ്യാൻ പറ്റുന്ന കാര്യമല്ല. കേന്ദ്ര സർക്കാരിൽ നിന്ന് നിശ്ചിത ശതമാനം വീതം വരുമാനം വർദ്ധിക്കുമെന്നുള്ളത് നിബന്ധനയായി ചേർക്കണം. ഫിസ്ക്കൽ

ഡെഫിസിറ്റിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മൂലധനച്ചെലവ് കുറച്ച തുകയേ ചേർക്കാവൂ. സീലിംഗ് നിശ്ചയിക്കുമ്പോൾ സംസ്ഥാന വരുമാനത്തിന്റെ ഇത്ര ശതമാനമെന്ന് നിർണ്ണയിക്കണം. ധനമന്ത്രി ധവളപത്രത്തിൽ പറഞ്ഞതുപോലെയല്ല സംസ്ഥാനത്തിന്റെ ഇന്നത്തെ ധനസ്ഥിതി. ധവളപത്രം ഔപചാരികമായി നിയമസഭയിൽതന്നെ തിരുത്തേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. 26-09-2011-ലെ ചോദ്യത്തിന് ഗവൺമെന്റ് നൽകിയ മറുപടി പരിശോധിച്ചാൽ ധവളപത്രത്തിൽ പറയുന്നതുപോലെയുള്ള ധനപ്രതിസന്ധി സംസ്ഥാനത്തിനില്ലെന്ന് ബോദ്ധ്യമാകും. മറ്റൊരു ചോദ്യത്തിന് സംസ്ഥാനം ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് കരുതുന്നില്ലെന്ന മറുപടിയും നൽകിയിട്ടുണ്ട്. ഇതിൽനിന്ന് സംസ്ഥാനത്തിന് താങ്ങാവുന്ന കടം മാത്രമേയുള്ളുവെന്ന് മനസ്സിലാക്കാം. എക്സപെൻഡിച്ചർ റിവ്യൂ കമ്മിറ്റിയും മീഡിയം ടേം ഫിസ്ക്കൽ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും 2014-15-ൽ റവന്യൂ കമ്മി പൂജ്യമാക്കാമെന്നുപറയുന്നതിന്റെ അനുമാനം കേരളത്തിന്റെ നികുതി വരുമാനം 15 ശതമാനം വീതം വർദ്ധിക്കുമെന്നതിന്റെ അടിസ്ഥാനത്തിലാണ്. ബില്ലിന്റെ ലക്ഷ്യത്തിലെത്തണമെങ്കിൽ ഇന്ന് തുടരുന്ന ചില നയങ്ങൾ മാറ്റുകയും ഇരുപത് ശതമാനമെങ്കിലും നികുതി വരുമാനം വർദ്ധിക്കുകയും വേണം. നികുതി വരുമാനം കൂട്ടുന്നതിലേക്കായി ഉദ്യോഗസ്ഥരുടെ അനാവശ്യ സ്ഥലംമാറ്റങ്ങൾ ഒഴിവാക്കുകയും ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുകയും വേണം. സുതാര്യതയില്ലാതെ നേവൽ-എയർ ഫോഴ്സ് ക്യാന്റീനുകൾക്ക് അനുവദിച്ചിട്ടുള്ള നികുതിയിളവ് പുതുതായി ആരംഭിച്ച പോലീസ് ക്യാന്റീനുകൾക്ക് നൽകുകവഴി സംസ്ഥാന ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപയുടെ ചോർച്ച ഉണ്ടാ

കുമെന്നാണ് കണക്കാക്കപ്പെടുന്നത്. നികുതിപിരിവ് ത്വരിതപ്പെടുത്തി ധന സ്ഥിതി മെച്ചപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മോശമാണെന്ന രീതിയിലാണ് ധനകാര്യ മന്ത്രി പ്രചരിപ്പിക്കുന്നതെങ്കിലും മുൻഗവൺമെന്റ് പ്രഖ്യാപിച്ച ആശ്വാസ നടപടികൾ നടപ്പാക്കുന്നതിനാവശ്യമായ പണം ഖജനാവിൽ ഉണ്ടായിരുന്നു. കേരളത്തിൽ ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കുന്നതിൽ ഉണ്ടായിട്ടുള്ള തടസ്സങ്ങൾ ഒഴിവാക്കണം. പഞ്ചായത്തുകളിൽ തരിശായി കിടക്കുന്ന ഭൂമി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കണം. സംസ്ഥാനത്തെ കാർഷികമേഖല മുഴുവൻ കോർപ്പറേറ്റുകൾ കയ്യടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതോടൊപ്പം കർഷകരെ സംരക്ഷിക്കുന്നതിനുതകുന്ന പദ്ധതികൾ നടപ്പാക്കുകയും വേണം. ഘട്ടംഘട്ടമായി മുഴുവൻ കർഷകർക്കും ആയിരം രൂപവീതം പെൻഷൻ നൽകുമെന്നുള്ള പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം നിലവിലുള്ള പെൻഷൻ സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. രാസവളത്തിന്റെയും പെട്രോളിന്റേയും വില ക്രമാതീതമായി വർദ്ധിച്ചതിലൂടെ കാർഷിക ഉൽപാദനച്ചെലവ് വർദ്ധിച്ചതിനാൽ ഉല്പന്നങ്ങളുടെ സംഭരണ വിലയിൽ വർദ്ധനവ് വരുത്തണം. കടക്കെണിയിൽപ്പെട്ട് കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭങ്ങളാൽ കൃഷിനാശം സംഭവിച്ചവർക്ക് ഇൻഷ്വറൻസ് തുക ലഭ്യമാക്കണം. കുട്ടനാട്ടിൽ നെല്ല് കൊയ്യാൻ കർഷകരെ സഹായിക്കണം. കാർഷിക മേഖലയുടെ വികസനത്തിന് അധിക തുക വകയിരുത്തണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. മുൻ സർക്കാർ സ്ഥാനം ഒഴിയുമ്പോൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിൽ 1,963.47 കോടി രൂപ മിച്ചമുണ്ടായിരുന്നുവെന്നത് ധവളപത്രത്തിൽ മറച്ചുവയ്ക്കുകയാണുണ്ടായത്. 2001-ലെ യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിന്റെ പൊതുവായ വികസനത്തിനുചെലവഴിച്ചതിനേക്കാൾ കൂടുതൽ തുക കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ചെലഴിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് നാടിന്റെ പൊതുവായ വികസനത്തിന്റെ കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം.എൽ.എ. മാരുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചത്. മുൻ ഗവൺമെന്റ് നെല്ലിന്റെ താങ്ങുവില പതിനാല് രൂപയായി ഉയർത്തി. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സഹകരണ വകുപ്പ് എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകിക്കൊണ്ട് വിലക്കയറ്റം തടയുന്നതിന് ശക്തമായ നടപടിയാണ് ഇടതുമുന്നണി സർക്കാർ സ്വീകരിച്ചത്. വിലക്കയറ്റം തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഡ്ജറ്റും ധനകാര്യ ബില്ലും ധനഉത്തരവാദിത്ത ബില്ലും പരസ്പര പൂരകമാവുകയും രാജ്യത്തിന്റെ ഒരു വർഷത്തെ സാമ്പത്തിക സ്ഥിതിയെ പൂർണ്ണമായും ഉൾക്കൊള്ളുകയും ചെയ്യുമ്പോഴാണ് ധനഉത്തരവാദിത്ത നിയമത്തെ അംഗീകരിക്കാൻ കഴിയുന്നത്. എന്നാൽ രാജ്യത്തിന്റെ ഇന്നത്തെ സമ്പദ്‌വ്യവസ്ഥയുടെ സാഹചര്യത്തിൽ ഇത് അംഗീകരിക്കാൻ സാധിക്കില്ല. പണപ്പെരുപ്പം കുറയ്ക്കുന്നതിനായി റിപ്പോ, റിവേഴ്സ് റിപ്പോ നിരക്കുകൾ കൂട്ടുമ്പോൾ

ബാങ്കിന്റെ പലിശ നിരക്ക് ഉയരുകയും നാടിന്റെ ഉത്പാദന മേഖലയിലുള്ള മൂലധന നിക്ഷേപം കുറയുകയും ഇതുവഴി തൊഴിലില്ലായ്മ വർദ്ധിക്കുകയും ഉത്പാദന ക്ഷമത കുറയുകയും പണപ്പെരുപ്പം ഉണ്ടാകുകയും ഊഹക്കച്ചവട മേഖലയിലേക്ക് കൂടുതൽ പണം എത്തിച്ചേരാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. സമ്പദ്വ്യവസ്ഥയിൽ പ്രതികൂലമായ ചലനങ്ങളുണ്ടാക്കുന്ന ഈ പ്രശ്നം കണക്കിലെടുക്കാതെയാണ് ധനഉത്തരവാദിത്ത നിയമം കൊണ്ടുവന്നിരിക്കുന്നത്. പണപ്പെരുപ്പം കുറയ്ക്കുന്നതിന് റിസർവ്വ് ബാങ്ക് ശ്രമിക്കുമ്പോൾ പെട്രോളിയത്തിന്റെയും രാസവളത്തിന്റെയും വില വർദ്ധിപ്പിച്ചുകൊണ്ട് പണപ്പെരുപ്പമുണ്ടാക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. ഈ സാഹചര്യത്തിൽ ധനക്കമ്മിയും റവന്യു കമ്മിയും കുറയ്ക്കാൻ സാധിക്കാതെവരും. ഭരണഘടനയുടെ 111-ാം വകുപ്പിനുള്ള ഭേദഗതിയും ബാങ്കിംഗ് റെഗുലേഷൻ ആക്ടും പാർലമെന്റിൽ പാസ്സാകുന്നതോടുകൂടി സഹകരണ മേഖലയിലുള്ള 68,000 കോടി രൂപയുടെ നിക്ഷേപം റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലാകുകയും ഇത് കേരളത്തിന്റെ സഹകരണ മേഖലയെ തകർക്കുകയും ചെയ്യും. ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിന്റെ ഫലമായി സംസ്ഥാനത്തെ മിക്ക ബാങ്കുകളും വിദേശ മൂലധനത്തിന്റെ പിടിയിലാവുകയും സമ്പത് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. റവന്യൂ കമ്മി കുറയ്ക്കുന്നതും ധനക്കമ്മി കുറയ്ക്കുന്നതും പരസ്പര പൂരകമാകുകയില്ല. ധനക്കമ്മി കുറയ്ക്കുന്തോറും കമ്പോളം തകരുമെന്നതിനാൽ സമ്പദ്വ്യവസ്ഥയുടെ ചലനങ്ങൾക്കൊപ്പം ധനക്കമ്മി കൂടിക്കോട്ടെ എന്നുള്ള ഒരു സേഫ്റ്റി വാൽവ് ഇടതുപക്ഷ സർക്കാരിന്റെ പ്രധാനപ്പെട്ട ആശയമായിരുന്നു. ഈ

ആശയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇൻഫ്ളേഷനറി പ്രഷറും ഡിഫ്ളേഷനറി പ്രഷറും വരുമ്പോൾ സമ്പദ്‌വ്യവസ്ഥയെ ഒരുപോലെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഇതിന് കടകവിരുദ്ധമായ നിലപാട് എടുത്തതുകൊണ്ടാണ് വിയോജിപ്പ് പ്രകടിപ്പിച്ചത്. ഒരു fluctuating സമ്പദ് വ്യവസ്ഥയിൽ റവന്യൂ-ധനക്കമ്മികൾ എങ്ങനെ ഒരുമിച്ചുപോകുമെന്ന് വിശദമാക്കണം.

ശ്രീ. കെ. മുരളീധരനുവേണ്ടി (ശ്രീ. കെ. ശിവദാസൻ നായർ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2014-15 ആകുമ്പോഴേക്കും റവന്യൂ കമ്മി 'പൂജ്യം' ശതമാനത്തിലേക്ക് എത്തിക്കുക എന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശം. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയ്ക്കനുസരിച്ച് ചില നിയന്ത്രണങ്ങൾക്ക് വിധേയമായി റവന്യൂ കമ്മി കുറച്ചുകൊണ്ട് ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നതിനായാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. 2010-11-ൽ റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന പ്രഖ്യാപനം കഴിഞ്ഞ സർക്കാരിന് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതുവഴി കേരളത്തിന് ലഭിക്കേണ്ടിയിരുന്ന കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കടം ക്രമാതീതമായി വർദ്ധിച്ചു എന്നു മാത്രമല്ല അത് മൂലധന നിക്ഷേപത്തിൽ വേണ്ടവിധം ഉപയോഗിച്ചിട്ടില്ല. കടമെടുക്കുന്ന തുകയുടെ ഭൂരിഭാഗവും പലിശ നൽകുന്നതിന് ചെലവഴിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാകണം. പശ്ചാത്തല

സൗകര്യങ്ങളുടെ വികസനത്തിന് ഊന്നൽ നൽകി ശരിയായ ദിശയിൽ സാമ്പത്തിക രംഗത്തെ മുന്നോട്ടു കൊണ്ടുപോകണം. കേന്ദ്ര വിഹിതം ലഭ്യ മാക്കുന്നതിന് മുൻകയ്യെടുക്കണം. കേന്ദ്ര വിഹിതമായി ലഭിക്കുന്ന ഫണ്ട് ഫല പ്രദമായി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. ഐ.എ.വൈ. പോലുള്ള കേന്ദ്രപദ്ധതികൾ കേരളത്തിൽ ഫലപ്രദമായി നടപ്പി ലാക്കുകയും കൂടുതൽ പണം കണ്ടെത്തുകയും ചെയ്യണം. സംസ്ഥാനം ജി.എസ്.ടി.യിലേക്ക് മാറുമ്പോൾ നികുതി വരുമാനത്തിലുണ്ടാകുന്ന വർദ്ധ നവ് ട്രഷറിയിലേക്ക് എത്തിച്ചേരുന്നുവെന്ന് ഉറപ്പുവരുത്തണം. സംസ്ഥാന ഗവൺമെന്റിന് പ്രയോറിറ്റി മേഖലകളിൽ ഗ്യാരന്റി നൽകണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അവകാശം നൽകിക്കൊണ്ടുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ച് ഗ്യാരന്റി സീലിംഗ് ആക്ടിൽ ഭേദഗതി വരുത്തണം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്ത്യാ ഗവൺമെന്റ് ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കുകയും സംസ്ഥാനങ്ങളോട് പാസ്സാക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നത് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റുകളുടെ അധികാരത്തിന്മേലുള്ള കൈകടത്തലാണ്. പിരിച്ചെടുക്കുന്ന നികുതിയുടെ നല്ലൊരു ശതമാനം തുക ഓരോ സംസ്ഥാനത്തിനും നൽകാനുള്ള ബാധ്യത കേന്ദ്ര ഗവൺമെന്റി നുണ്ട്. കേന്ദ്രം അനുവദിക്കുന്ന കടത്തിന് അമിത പലിശ ഈടാക്കുന്നത് ഒഴിവാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്റ്റേറ്റ് അഡ്മിനിസ്ട്രേ

റ്റീവ് ട്രൈബ്യൂണൽ സ്ഥാപിച്ചുകൊണ്ട്  കേന്ദ്ര സർക്കാർ ഇറക്കിയ വിജ്ഞാപനത്തെ  അട്ടിമറിക്കാനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തുന്നത്. ഹൈക്കോടതിയിൽ സർവ്വീസ് മാറ്റേഴ്സുമായി ബന്ധപ്പെട്ട് കെട്ടികിടക്കുന്ന കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുവാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂപീകരിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തനം ആരംഭിക്കാനും  നിഷ്പക്ഷമായി പ്രവർത്തിക്കാനുമുള്ള സാഹചര്യമൊരുക്കണം. പെട്രോളിയം കമ്പനികൾക്ക്  വിലനിർണ്ണയിക്കാനുള്ള പൂർണ്ണ അധികാരം വിട്ടുകൊടുത്ത  കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റം വരുത്തണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലിനുള്ള വിയോജനക്കുറിപ്പിൽ സംസ്ഥാനം ഈ നിയമം പാസ്സാക്കുമ്പോൾ 1500 കോടി രൂപ കേന്ദ്രം തരുമെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നിബന്ധനകൾ  കൂടി ഉൾപ്പെടുത്തണമെന്ന് സൂചിപ്പിക്കുകയുണ്ടായി. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ റോൾ  മാപ്പിനകത്ത് പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് അതിന്റെ ആവശ്യമില്ല.  ഗ്യാരന്റി സീലിംഗ് പരിധി ഉയർത്തുന്ന കാര്യം ഗ്യാരന്റി നിയമം ഭേദഗതി ചെയ്യുമ്പോൾ ആലോചിക്കാവുന്നതാണ്.  തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട റവന്യൂ ഗ്രാന്റ് ക്യാപ്പിറ്റൽ ഗ്രാന്റായി കണക്കാക്കുന്ന  ഒരു പുതിയ നയം കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്നതുകൊണ്ട് അതും ഈ ബില്ലിൽ ചേർക്കേണ്ട കാര്യമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റവന്യൂ എക്സ്പെന്റിച്ചറും ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറും അണ്ടർ എസ്റ്റിമേറ്റ് ചെയ്തത് നിയമവിരുദ്ധമാണെന്ന് സി.ആന്റ്.എ.ജി.യുടെ  റിപ്പോർട്ടിൽ പറയുന്നുണ്ട്.  ഈ നിയമ

ഭേദഗതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നിരുന്നെങ്കിൽ 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള തുകയും കിട്ടുമായിരുന്നു. സംസ്ഥാനത്തുണ്ടായിരുന്ന ധനപ്രതിസന്ധി ഇല്ലാതാക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ 615 കോടി രൂപയുടെ അധിക വിഭവ സമാഹരണം നടത്തുകയും കേന്ദ്ര വിഹിതം കൂടുതലായി വാങ്ങിയെടുക്കുകയും ചെയ്തിട്ടുണ്ട്. പേ-റിവിഷന്റെ അധിക ചെലവ് വഹിക്കുന്നതിനാവശ്യമായ തുക ഈ ഗവൺമെന്റ് ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തിട്ടുണ്ട്. ശക്തമായ റെമഡിയൽ മെഷേഴ്സ് എടുത്തുകൊണ്ട് മെച്ച പ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകും.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണ മെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

### 2-ാം വകുപ്പും 1-ാം വകുപ്പും പീഠികയും പേരും

107-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 61-നെതിരെ 68 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2011-ലെ കേരള ധനവിനിയോഗ ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2011-ലെ കേരള ധനവിനിയോഗ (3 മുതൽ 14 വരെ നമ്പർ) ബില്ലുകൾ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2011-ലെ കേരള ധനവിനിയോഗ (3 മുതൽ 14 വരെ നമ്പർ) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം.എ. വാഹീദ്: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. 2011-12 സാമ്പത്തികവർഷത്തേക്കുള്ള ഈ ധനവിനിയോഗ ബില്ലുകൾ ഈ സർക്കാർ കഴിഞ്ഞ 100 ദിവസക്കാലം നടത്തിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ ചെലവിനും ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിനുള്ള ചെലവിനും വേണ്ടിയുള്ള

താണ്. നൂറുദിന പരിപാടിയിലൂടെ 140 നിയോജകമണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. വികസനവും കരുതലും ഒരു ആപ്തവാക്യമായി സ്വീകരിച്ചുകൊണ്ടാണ് ജനക്ഷേമകരങ്ങളായ വിവിധ പദ്ധതികളുമായി സർക്കാർ മുന്നേറുന്നത്. മൂലമ്പിള്ളി പാക്കേജ്, ചെങ്ങറ പട്ടയവിതരണം, എൻഡോസൾഫാൻ ദുരിതാശ്വാസം, അട്ടപ്പാടി യിലെയും മൂന്നാറിലെയും പ്രശ്നങ്ങൾക്ക് പരിഹാരം എന്നിവ ഉൾപ്പെടെയുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ജനങ്ങൾ അംഗീക രിച്ചിരിക്കുകയാണ്. ഈ നാടിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ടതിന് പകരം ഒരു പ്രാധാന്യവുമില്ലാത്ത കാര്യങ്ങളുന്നയിക്കുന്ന പ്രതിപക്ഷത്തിന്റെ സമീപനത്തിൽ മാറ്റം വരുത്തണം.

<u>ശ്രീ. എം. ഉമ്മർ</u>: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ സാമ്പത്തിക കെടുകാര്യസ്ഥത മൂലമുണ്ടായ അധിക ബാദ്ധ്യതയുടെ ഉത്തരവാദിത്വം ഈ സർക്കാരിനുമേൽ ചുമത്താനുള്ള ശ്രമ മാണ് പ്രതിപക്ഷം നടത്തുന്നത്. പെൻഷൻ കൊടുക്കുന്നതിനും മറ്റും ആവ ശ്യമായ ഫണ്ട് കണ്ടെത്താനോ അനുവദിച്ച പണം ചെലവഴിക്കാനോ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എൻ.ആർ.എച്ച്. എം. ഫണ്ട് ഉപയോഗിച്ച് ആമ്പുലൻസുകൾ വാങ്ങിയതിലെ അഴിമതിയെക്കു റിച്ചും ആമ്പുലൻസുകളുടെ നിലവാരത്തെ സംബന്ധിച്ചും പ്രസ്തുത കാലയളവിൽ കേസുകളുടെ നടത്തിപ്പിൽ ഈ സർക്കാരിന് വന്നുചേർന്നി ട്ടുള്ള അധിക ബാദ്ധ്യതയെക്കുറിച്ചും സാമ്പത്തിക അച്ചടക്കമില്ലായ്മയെക്കു റിച്ചും അന്വേഷണം നടത്തണം.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ:</u> ധനവിനയോഗ ബില്ലുകളെ എതിർക്കുന്നു. വരവും ചെലവും സന്തുലിതാവസ്ഥയിൽ നിറുത്തുന്നതിന്

സർക്കാർ സ്വീകരിക്കുന്ന നടപടികൾ തൃപ്തികരമല്ല. വൻകിട സ്വർണ്ണ വ്യാപാര മേഖലയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മരുന്നുൽപ്പാദനവും സംഭരണവും വിതരണവും കാര്യക്ഷമ മാക്കാൻ നടപടി സ്വീകരിക്കണം. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതു മായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ നാൽപ്പത് ഏക്കർ സ്ഥലവും ഏതാണ്ട് നൂറുകോടി രൂപയോളം വരുന്ന ആസ്തികളും സ്വകാര്യ കമ്പനിക്ക് കൈമാറ്റം ചെയ്യുന്നതിന് നടത്തുന്ന നീക്കത്തെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ തയ്യാ റാകണം.

<u>ശ്രീ. സി.കെ. നാണു</u>: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. സംസ്ഥാനത്തെ വിവിധ ജനവിഭാഗങ്ങൾക്ക് നൽകുന്ന പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് യഥാസമയം വിതരണം ചെയ്യാനും അടിസ്ഥാന വർഗ്ഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ അതാത് സമയത്ത് സംസ്ഥാന സർക്കാർ ജീവനക്കാർക്കും നൽകാനുമാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ മുൻകയ്യെടുത്തിരുന്നത്. കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് പുതിയ ബസ്സുകൾ നിരത്തിലിറക്കാനും കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കാനും നടപടി സ്വീകരിക്കണം.

<u>ഡോ. എൻ. ജയരാജ്</u>: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. ധനവിനിയോഗ ബില്ലുകളിലൂടെ അനുവദിക്കുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തിയിരുന്നുവെന്നും കടക്കെണിയിലായിരുന്നില്ല എന്നുമുള്ള അവകാശവാദത്തോട് യോജിക്കാൻ

കഴിയില്ല. റവന്യൂ കമ്മിയും ധനക്കമ്മിയും കടബാധ്യതയും വൻതോതിൽ വർദ്ധിക്കുകയും അനുവദിച്ച തുക തന്നെ പൂർണ്ണമായി വിനിയോഗിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

ശ്രീ. ബെന്നി ബെഹനാൻ: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് ചുരുങ്ങിയ കാലയളവിനുള്ളിൽ ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പുതിയ റോഡുകൾ നിർമ്മിക്കുന്നതുൾപ്പെടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനകാര്യത്തിൽ സർക്കാർ ശുഷ്കാന്തി കാണിക്കുന്നത് അഭിനന്ദനാർഹമാണ്. ആരോഗ്യ രംഗത്ത് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്താനും സ്മാർട്ട് സിറ്റി, മെട്രോ റെയിൽ അടക്കമുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.. ന്യായവിലയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നതിനുവേണ്ടി പ്രതിബദ്ധത കാണിച്ച ഒരു സർക്കാരാണിത്. സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യാൻ സാധിച്ചത് മഹത്തായ നേട്ടമാണ്. അംഗങ്ങൾ സഭയ്ക്കകത്തും പുറത്തുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ആത്മപരിശോധന നടത്തി തെറ്റുകൾ തിരുത്തി ജനാധിപത്യത്തിന്റെ ഔന്നത്യം കാത്തുസൂക്ഷിക്കാൻ തയ്യാറാകണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. പദ്ധതിയടങ്കൽ പ്രകാരമുള്ള വിഭവസമാഹരണം കണ്ടെത്തിക്കൊണ്ടാണ് 2011-12-ലെ ആദ്യ ബഡ്ജറ്റ് കഴിഞ്ഞ ഇടതുപക്ഷ ഗവണ്മെന്റ് അവതരിപ്പിച്ചത്. എന്നാൽ 2011 ജൂലൈയിൽ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ വാർഷിക പദ്ധതിയടങ്കലിൽ മാറ്റം വരുത്താതെ ഉപധനാഭ്യർത്ഥനയിലൂടെ അധികമായി ഉൾക്കൊള്ളിച്ച 980 കോടി രൂപയിൽ 280 കോടി രൂപ

കേന്ദ്രം നൽകുമെന്ന് പറയുന്നുണ്ടെങ്കിലും ബാക്കി 700 കോടി രൂപ സംസ്ഥാന സർക്കാർ എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കണം. ദേശീയ ഗെയിംസിനുവേണ്ടി ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തത് ഖേദകരമാണ്. ബഡ്ജറ്റ് പ്രസംഗത്തിൽപ്പറയുന്ന കാര്യങ്ങൾക്കുപോലും പണം നീക്കിവച്ചിട്ടി ല്ല. തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റേറ്റ് ഗവണ്മെന്റുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയണം. കേന്ദ്ര ഗവണ്മെന്റിന്റെ സാമ്പത്തികനയങ്ങൾ അതേപടി നടപ്പിലാക്കുന്ന വിധത്തിൽ കേരളത്തിലെ സാമ്പത്തിക സംവിധാ നത്തെ പാകപ്പെടുത്തിയെടുക്കാനാണ് ധനകാര്യവകുപ്പുമന്ത്രി ശ്രമിച്ചു കൊണ്ടിരിക്കുന്നത്. പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പാക്കാത്തതിന്റെ ഫലമായി പാവപ്പെട്ടവർ അവഗണിക്കപ്പെടുന്നു. കേന്ദ്ര ഗവണ്മെന്റ് കോർപ്പറേറ്റുകളെ സഹായിച്ചതിന്റെ ഫലമായിട്ടാണ് പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധി ക്കാനിടയായത്. കഴിഞ്ഞ ഇടതുപക്ഷ ഗവണ്മെന്റ് മികച്ച ധനകാര്യ മാനേജു മെന്റിലൂടെ സാമ്പത്തിക പ്രതിസന്ധിയില്ലാത്ത സ്റ്റേറ്റാക്കി കേരളത്തെ മാറ്റിയിരുന്നു. റബ്ബറിന്റെ ഇറക്കുമതി ചുങ്കം കുറയ്ക്കുകവഴി .കോർപ്പറേറ്റു കൾക്ക് അനുകൂലമായ നിലപാടുകളാണ് യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ച ത്. കുട്ടനാട് പാക്കേജ് 4000 കോടിയിൽനിന്നും 1500 കോടി രൂപയാക്കി വെട്ടിക്കുറയ്ക്കുകയും അതിരപ്പിള്ളി, ചീമേനി തുടങ്ങിയ പദ്ധതികൾ അനി ശ്ചിതത്വത്തിലാക്കുകയും ദേശീയപാത വികസന പദ്ധതി റദ്ദാക്കുകയും വിഴിഞ്ഞം, മെട്രോ റെയിൽ തുടങ്ങിയ പദ്ധതികൾ പ്രഖ്യാപനങ്ങളായി അവ ശേഷിക്കുകയുമാണ് ചെയ്യുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 1359 കോടി രൂപയുടെ സപ്ലിമെന്ററി ബഡ്ജറ്റാണ് അവതരിപ്പിച്ചി ട്ടുള്ളത്. പുതിയ പദ്ധതികൾ പ്രഖ്യാപിച്ചതിലൂടെയുള്ള അധികച്ചെലവുകൾ

എല്ലാംകൂടി ഉൾപ്പെടുത്തിയാണ് സപ്ലിമെന്ററി ബഡ്ജറ്റ് കൊണ്ടുവന്നത്. ആകെ പദ്ധതി ചെലവ് 1062 കോടി രൂപയാണ്. 980 കോടി രൂപയുടെ പദ്ധതി അടങ്കൽ വർദ്ധനയും ബാക്കി കേന്ദ്ര പദ്ധതികളിലെ അധികവിഹിതവുമാണ്. കേന്ദ്രത്തിൽ നിന്ന് ആകെ ലഭിക്കുന്നത് 245.84 കോടി രൂപയാണ്. ബാക്കി തുക വരുമാന വർദ്ധനവുണ്ടാക്കിക്കൊണ്ടും ചെലവുകൾ ചുരുക്കിക്കൊണ്ടും കണ്ടെത്തേണ്ടതാണ്. ഇതേക്കുറിച്ച് പ്രതിപക്ഷത്ത് നിന്ന് വ്യത്യസ്ത രീതിയിലുള്ള അഭിപ്രായങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. ഈ ബിൽ പാസ്സാക്കിയാൽ 1500 കോടി രൂപകൂടി സംസ്ഥാനത്തിന് കിട്ടും. 2010-11-ൽ വികസന രംഗത്ത് മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ പുറകിലായിരുന്ന കേരളത്തിൽ വികസന മുന്നേറ്റമുണ്ടാക്കാനുള്ള ഈ ഗവൺമെന്റിന്റെ ശ്രമത്തിന് എല്ലാവരുടേയും സഹകരണം ഉണ്ടാകണം. ടാക്സ് ഗ്രോത്ത് റേറ്റിന്റെ കാര്യത്തിൽ ഒരു മൂടുപടം സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ 5 വർഷത്തെ ടാക്സ് ഗ്രോത്ത് റേറ്റ് 17 ശതമാനമായിരുന്നുവെങ്കിൽ ഈ സർക്കാരിന് 7 മാസം കൊണ്ട് 21 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താൻ സർക്കാർ സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ധനവിനിയോഗ ബില്ലുകളുടെ ചർച്ച അടിയന്തര പ്രമേയ ചർച്ചക്ക് ശേഷം തുടരുന്നതാണ്. ചട്ടം 153 (2) വേവ് ചെയ്യുന്നു.

(ചർച്ച തുടരും)

(ഉച്ചയ്ക്കുശേഷം 12.30-ന് തൽക്കാലത്തേക്ക് സഭ പിരിയുകയും അടിയന്തരപ്രമേയ ചർച്ചയ്ക്കായി 2.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേരുകയും ചെയ്തു.)

**അടിയന്തരപ്രമേയ ചർച്ച**

**പെട്രോൾ വിലവർദ്ധന**

ഡോ. ടി. എം. തോമസ് ഐസക്: രാഷ്ട്രവും ജനങ്ങളും ഇന്ന് നേരിടുന്ന ഏറ്റവും വലിയ വിപത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റമാണ്. ഭക്ഷ്യ സാധനങ്ങൾക്ക് കഴിഞ്ഞ വർഷത്തേക്കാൾ ശരാശരി 13.35 ശതമാനവും പച്ചക്കറികൾക്ക് 28 ശതമാനവും പയറുവർഗ്ഗങ്ങൾ, പഴങ്ങൾ, പാൽ എന്നിവയ്ക്ക് 12 ശതമാനവും അരിയുടെ വില 4.6 ശതമാനവും വർദ്ധിച്ചിരിക്കുന്നു. ഈ വർഷം പെട്രോളിന്റെ വില വർദ്ധിച്ചതിന്റെ ഫലമായി വിലക്കയറ്റം ഇന്ന് സാമ്പത്തിക മേഖലയിലുടനീളം വ്യാപിച്ചു. യു.പി.എ. സർക്കാർ പിന്തുടരുന്ന നയങ്ങളും ഊഹക്കച്ചവടവും ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനക്കുറവും വില വർദ്ധനവിന് കാരണമായി. എണ്ണ വില കൂടുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് എണ്ണവാങ്ങി സ്റ്റോക്ക് ചെയ്യുന്നതിന്റെ ഫലമായുണ്ടാകുന്ന ഊഹക്കച്ചവടം നിറുത്തലാക്കാൻ കഴിഞ്ഞാൽ സാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കാനാകും. യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്രൂഡ് ഓയിലിന്റെ വില 42 ശതമാനവും പെട്രോളിന്റെ വില 65 ശതമാനവും വർദ്ധിച്ചു. രൂപയുടെ വില ഇടിവാണ് വർദ്ധനവിന് കാരണമെന്ന ന്യായീകരണം ശരിയല്ല. ഓയിൽ കമ്പനികൾ നഷ്ടത്തിലാണെന്നുപറയുന്നത് അംഗീകരിക്കാനാവില്ല. 2005 മുതൽ 2010 വരെ 2.2

ലക്ഷം കോടി രൂപ സബ്സിഡിയായും അണ്ടർ റിക്കവറിയായും കേന്ദ്ര ഗവൺമെന്റ് എണ്ണ കമ്പനികൾക്ക് നല്കിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഡിവിഡന്റ്, കോർപ്പറേറ്റ് ടാക്സ്, എക്സൈസ് ടാക്സ് ഇനങ്ങളിലും ലാഭമായും എണ്ണ കമ്പനികളിൽനിന്ന് അഞ്ചു ലക്ഷത്തിലധികം കോടി രൂപ കേന്ദ്ര ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. എണ്ണവില നിർണ്ണയാവകാശം കമ്പനികൾക്ക് കൊടുക്കണമെന്ന ഇന്ത്യൻ നാഷണൽ എനർജി ഏജൻസിയുടെ 2010 ജൂണിലെ റിപ്പോർട്ട് ഇടതുപക്ഷത്തിന്റെ എതിർപ്പുമൂലം ഒന്നാം യു.പി.എ. സർക്കാരിന് നടപ്പാക്കാൻ സാധിച്ചില്ല. രണ്ടാം യു.പി.എ. സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ച് റിപ്പോർട്ട് ലഭ്യമാക്കി വിലനിയന്ത്രണാധികാരം കമ്പനികൾക്ക് വിട്ടുകൊടുത്തതിന്റെ ദുരിതങ്ങളാണ് ജനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് റിസർവ്വ് ബാങ്ക് 12 തവണ പലിശ നിരക്ക് വർദ്ധിപ്പിച്ചതിന്റെ ഫലമായി വായ്പയെടുക്കുന്നതിന് ചെലവേറുകയും നിക്ഷേപം കുറയുകയും വ്യവസായ മാന്ദ്യം സംഭവിക്കുകയും ചെയ്തിരിക്കുന്നു. വിലക്കയറ്റം തടയുന്നതിന് റിസർവ്വ് ബാങ്ക് ശ്രമിക്കുമ്പോൾ കേന്ദ്രസർക്കാർ പെട്രോളിന്റെ വില വർദ്ധിപ്പിക്കാൻ കമ്പനികളെ അനുവദിക്കുകയാണ് ചെയ്യുന്നത്. ഈ ജനവിരുദ്ധ നയത്തിനെതിരെ പ്രതിഷേധിക്കാൻ 8-ാം തീയതി ഇന്ത്യയിലെ മുഴുവൻ ട്രേഡ് യൂണിയൻ സംഘടനകളും സമരത്തിലേക്ക് വരികയാണ്. നാളെ മോട്ടോർ തൊഴിലാളികൾ വാഹന പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. നാടിന്റെ നന്മയ്ക്കുവേണ്ടി കക്ഷി രാഷ്ട്രീയം മറന്ന് ഒരുമിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ഈ തെറ്റായ നയം തിരുത്താൻ ആവശ്യപ്പെടണം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ഇടയ്ക്കിടെ വർദ്ധിപ്പിക്കുന്ന നടപടിയിൽ ഈ സഭ പ്രതിഷേധിക്കുന്നു. വില നിശ്ചയിക്കാനുള്ള അധികാരം പെട്രോളിയം

കമ്പനികൾക്ക് വിട്ടുകൊടുത്ത കേന്ദ്രഗവൺമെന്റിന്റെ നിലപാട് പുനഃപരിശോധിച്ച് അധികാരം കേന്ദ്രഗവൺമെന്റിൽതന്നെ നിക്ഷിപ്തമാക്കണമെന്നും, ഇന്നലെ പെട്രോളിന് വർദ്ധിപ്പിച്ച 1 രൂപ 82 പൈസ റദ്ദാക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സഭ ഐകകണ്ഠ്യേന കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: എണ്ണവില നിയന്ത്രണാധികാരം കേന്ദ്ര സർക്കാരിൽനിന്ന് എടുത്തുകളഞ്ഞതിനെത്തുടർന്ന് കമ്പനികൾ പെട്രോളിന് നിരന്തരമായി വില വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഈ നിയന്ത്രണാധികാരം കേന്ദ്ര സർക്കാർ തിരിച്ചെടുക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. ഇടയ്ക്കിടയ്ക്ക് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്ന സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. വിദേശ നാണ്യത്തിന്റെ ഭൂരിഭാഗവും ചെലവാക്കുന്നത് പെട്രോളിയം ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് വേണ്ടിയാണ്. പ്രൈസ് കൺട്രോൾ എടുത്തുമാറ്റിയതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഓയിൽ കമ്പനികൾ വരുത്തിയിരിക്കുന്നത്. വളത്തിനും കൃഷിക്കും ഭീമമായ സബ്സിഡി കൊടുക്കുന്ന രാജ്യത്തിന് ഇത് താങ്ങാവുന്നതിലും അപ്പുറമാണ്. ഇറക്കുമതി തീരുവയും ഡീസലിന്റെ എക്സൈസ് തീരുവയും കുറച്ചതുവഴി കോടികളുടെ നഷ്ടമാണ് കേന്ദ്ര ഗവൺമെന്റിനുണ്ടാക്കിയത്. പ്രീമിയം പെട്രോളിന് വില കൂട്ടിയും മണ്ണെണ്ണക്കും ഡീസലിനും പാചകവാതകത്തിനും ക്രോസ് സബ്സിഡി ഏർപ്പെടുത്തിയും കുറഞ്ഞ നിരക്കിൽ കൊടുക്കുകയാണ് കേന്ദ്രം ചെയ്യുന്നത്. പാചക വാതകത്തിനും ഡീസലിനും വേണ്ടി 263 കോടി രൂപയാണ് കേന്ദ്ര സർക്കാർ സബ്സിഡി കൊടുക്കുന്നത്. ഇറക്കുമതിച്ചെലവ്, ഫ്രൈറ്റ് ചാർജ്,

സംസ്ക്കരണച്ചെലവ് എന്നിവ ഗണ്യമായ തോതിൽ വർദ്ധിച്ചതിനാൽ ബാസ്ക്കറ്റ് പ്രൈസിന്റെ അടിസ്ഥാനത്തിലാണ് എണ്ണവില നിശ്ചയിക്കുന്നത്. ആഭ്യന്തര എണ്ണയുൽപാദനവും സംസ്കരണത്തിന്റെ മികവും വർദ്ധിപ്പിക്കുകയും ഉപഭോഗം നിയന്ത്രിക്കുകയും വേണം. ലോകത്തിന്റെ വെഹിക്കിൾ മാർക്കറ്റായി രാജ്യത്തെ മാറ്റുന്നതും പാചക വാതക സബ്സിഡി ദുരുപയോഗം ചെയ്യുന്നതും നിയന്ത്രിക്കണം. പെട്രോളിയം ഉത്പന്നങ്ങളുടെ വില നിയന്ത്രണാധികാരം കേന്ദ്ര സർക്കാർ ഏറ്റെടുക്കുകയും ഓയിൽ കമ്പനികൾക്ക് കൊടുക്കുന്ന സബ്സിഡികൾ നിയന്ത്രിക്കുകയും ചെയ്യണം.

ശ്രീ. എസ്. ശർമ്മ : പ്രമേയത്തെ പിന്താങ്ങുന്നു. ഡീസലിന്റെയും പാചക വാതകത്തിന്റെയും മണ്ണെണ്ണയുടെയും വില വർദ്ധിപ്പിക്കുന്നത് ജനജീവിതം ദുസ്സഹമാക്കും. ശതകോടീശ്വരൻമാർക്കും കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കും സഹായകരമായ കേന്ദ്ര നടപടിമൂലം ഭാരതം ലോകത്തിന്റെ വെഹിക്കിൾ മാർക്കറ്റായി മാറുകയാണ്. വിലവർദ്ധനവിനെ എതിർക്കുകയും കമ്പനി മാനേജ്മെന്റുകളുടെ വാദഗതികളെ അനുകൂലിക്കുകയും ചെയ്യുന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. ഇതിനെതിരെ ജനങ്ങളും സംഘടനകളും കക്ഷി-രാഷ്ട്രീയ പരിഗണനകൾക്കതീതമായി സംഘടിക്കണം. യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയതോടെ നികുതി നിരക്ക് വർദ്ധിക്കുകയും അതിന്റെ ആനുകൂല്യങ്ങൾ സാധാരണ ജനങ്ങൾക്ക് ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. വില നിയന്ത്രണം കുത്തകകളുടെ കൈകളിലെത്തിച്ച് കരിഞ്ചന്തയും പൂഴ്ത്തിവയ്പും സൃഷ്ടിക്കുന്ന അവധി വ്യാപാരത്തെ നിയന്ത്രിക്കണം. കേരളത്തിലെ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ സഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : പെട്രോളിയം വില വർദ്ധനവുമൂലം കൂടുതൽ ദുരിതമനുഭവിക്കേണ്ടിവരുന്നത് കേരളത്തിലെ സാധാരണ ജനങ്ങളാണ്. രൂപയുടെ മൂല്യശോഷണമാണ് പെട്രോൾ വില വർദ്ധനയ്ക്ക് വഴിയൊരുക്കിയതെന്ന എണ്ണക്കമ്പനികളുടെ വിശദീകരണം ശരിയല്ല. ജനകീയ പ്രശ്നങ്ങൾ പഠിക്കാതെ എണ്ണക്കമ്പനികൾ നിലപാട് സ്വീകരിക്കുന്നത് അംഗീകരിക്കാനാവില്ല. പെട്രോളിയം വില വർദ്ധനവിലൂടെ ലഭിക്കുമായിരുന്ന 396 കോടി രൂപയുടെ അധിക നികുതി വരുമാനം ഉപേക്ഷിക്കാൻ ഈ സർക്കാർ തയ്യാറായത് അഭിനന്ദനാർഹമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷത്തെ ഭരണത്തിനിടയിൽ പലതവണ പെട്രോൾ വില വർദ്ധനവുണ്ടായപ്പോഴും അധിക നികുതി പാവപ്പെട്ട ജനങ്ങളിൽനിന്ന് ഈടാക്കുകയാണ് ചെയ്തതെന്ന വസ്തുത പ്രതിപക്ഷം വിസ്മരിക്കരുത്. സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും ബാധിക്കുന്ന ഗുരുതര വിഷയമെന്ന ബോധ്യത്തോടുകൂടി ഈ പ്രശ്നത്തെ കാണണം. പെട്രോളിയം വില നിർണ്ണയാധികാരം കേന്ദ്ര ഗവൺമെന്റിൽത്തന്നെ നിക്ഷിപ്തമാക്കണം. ഇക്കാര്യത്തിൽ കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീമതി ജമീലാ പ്രകാശം</u> : അടിക്കടിയുള്ള രൂപയുടെ മൂല്യശോഷണം തടയാൻ സംസ്ഥാനത്തെ കരുതൽ ശേഖരം ഉപയോഗിക്കണം. ഇന്നത്തെ ദുർവ്വഹമായ ജീവിതചെലവുകളിൽ നിന്ന് ജനങ്ങളെ രക്ഷിക്കാനുള്ള നടപടി യെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. കെ.എസ്.ആർ.ടി.സി. വഴി മാസ് ട്രാൻസ്പോർട്ടേഷൻ, കുറഞ്ഞ ഇന്ധനം വേണ്ടിവരുന്ന ചെറിയ കാറുകൾ എന്നിവ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം. ജോലി സ്ഥലത്തേക്ക്

വരാതെ, വീട്ടിലോ മറ്റോ ഇരുന്ന് ആധുനിക ഇലക്ട്രോണിക് സാങ്കേതിക വിദ്യ ഉപയോഗിച്ച് ജോലി ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. കൃഷിക്കാർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പയും ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സൗകര്യവും ലഭ്യമാക്കണം. കൃഷിപ്പണി ചെയ്യാൻ ജനങ്ങളെ പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കണം. പഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കാൻ നടപടി സ്വീകരിക്കണം. സഭയിൽ അവതരിപ്പിച്ച പ്രമേയം ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഏകകണ്ഠമായി പാസ്സാക്കണം.

<u>ശ്രീ. എ.എ. അസീസ്</u> : പ്രമേയത്തെ പിന്താങ്ങുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയ്ക്കെതിരെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ അതി ശക്തമായ പ്രക്ഷോഭങ്ങൾ നടത്തുന്ന കാലഘട്ടത്തിൽ പെട്രോളിന്റെ വില വീണ്ടും വർദ്ധിപ്പിച്ചിരിക്കുന്നത് പ്രതിഷേധാർഹമാണ്. ജനദ്രോഹ നടപടികൾക്കെതിരെ നടത്തുന്ന പ്രക്ഷോഭങ്ങൾക്ക് യാതൊരുവിലയും കൽപ്പിക്കാത്ത കേന്ദ്ര സമീപനം ഉപേക്ഷിക്കണം. പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : ജനങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യാൻ തയ്യാറായ സർക്കാരിന്റെ ഉന്നതമായ ജനാധിപത്യ ബോധവും പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതാണെന്ന കാഴ്ചപ്പാടും പ്രശംസയർഹിക്കുന്നതാണ്. വില നിർണ്ണയാവകാശം എണ്ണക്കമ്പനികളിൽ നിന്നെടുത്ത് കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കണം. അന്താരാഷ്ട്ര മാർക്കറ്റിലെ എണ്ണയുടെ വില വ്യത്യാസത്തിനനുസരിച്ചുള്ള വർദ്ധനവ് ജനങ്ങൾക്ക് നേരിട്ട് അനുഭവപ്പെടാത്ത രീതിയിലുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടണം. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടുപ്രാവശ്യം പെട്രോളിയം ഉൽപ്പന്നങ്ങളുടെ

വില വർദ്ധിച്ചപ്പോഴും അധിക നികുതി വരുമാനം വേണ്ടെന്നുവയ്ക്കാനുള്ള തീരുമാനമെടുത്ത് ജനപക്ഷത്തുനിൽക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : വിലക്കയറ്റത്തിന്റെ കെടുതിയിൽ പൊറുതി മുട്ടുന്ന ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിൽനിന്ന് പിന്മാറി അവരെ യഥേഷ്ടം കൊള്ളയടിക്കാൻ എണ്ണക്കമ്പനികളെ അനുവദിച്ച കേന്ദ്ര സർക്കാരിന്റെ നടപടി അടിയന്തരമായി പുന:പരിശോധിക്കുകയും വില നിർണ്ണയത്തിനുള്ള അധികാരം സർക്കാരിൽതന്നെ നിക്ഷിപ്തമാക്കുകയും ചെയ്യണം. ഈ പ്രമേയം സഭ ഒറ്റക്കെട്ടായി അംഗീകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : ചരക്കുകൂലി, യാത്രാക്കൂലി, നിത്യോപ യോഗ സാധനങ്ങളുടെ വില എന്നിവയിലുണ്ടായിട്ടുള്ള വർദ്ധനവിനുപുറമെ പെട്രോൾ വിലവർദ്ധന ജനങ്ങളുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കിയിരി ക്കുകയാണ്. 2010 ജൂൺ മുതൽ എണ്ണകമ്പനികൾക്ക് വില നിശ്ചയിക്കാനുള്ള അധികാരം ലഭിച്ചതും ഇന്ത്യൻ കറൻസിയുടെ മൂല്യം കുറഞ്ഞതും ക്രൂഡോ യിലിന് വിലവർദ്ധിച്ചതുമാണ് ഇപ്പോഴുള്ള വർദ്ധനവിന് കാരണം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സാമ്പത്തിക പ്രതിസന്ധികൾക്കിട യിലും ജനപക്ഷത്തുനിന്ന് പ്രവർത്തിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. പെട്രോളിന്റെ വില വർദ്ധിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണം ഇംപോർട്ട് ഡ്യൂട്ടിയും എക്സൈസ് ഡ്യൂട്ടിയും സംസ്ഥാന വിൽപ്പന നികുതിയുമാണ്. കേന്ദ്ര ഗവൺമെന്റ് എക്സൈസ് നികുതിയും ഇംപോർട്ട് നികുതിയും ചുമത്തുമ്പോഴും വിൽപ്പന നികുതിയെക്കുറിച്ച് തീരുമാനിക്കേണ്ടത് സംസ്ഥാന സർക്കാരുകളാണ്. കഴിഞ്ഞ 11 തവണ പെട്രോളിന്റെ വില വർദ്ധി പ്പിച്ചപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് വർദ്ധിപ്പിച്ച തുകയ്ക്ക് അധിക

നികുതി ഈടാക്കിയതുകൊണ്ടാണ് കേരളത്തിൽ പെട്രോളിന്റെ വില ഇത്രയും വർദ്ധിക്കാനിടയായത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കണം.

ശ്രീ. സി. ദിവാകരൻ : ഇന്ത്യയിലെ സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്ന വിധത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചു കൊണ്ട് കേന്ദ്ര ഗവൺമെന്റ് മനുഷ്യത്വരഹിതമായ നടപടി തുടരുകയാണ്. പച്ചക്കറികൾക്കും നിത്യോപയോഗ സാധനങ്ങൾക്കും ഉണ്ടായിട്ടുള്ള അഭൂത പൂർവ്വമായ വിലക്കയറ്റം ജനജീവിതം താറുമാറാക്കിയിരിക്കുന്നു. വിലക്ക യറ്റം തടയാൻ ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിക്കണം. ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണം.

ശ്രീ. രമേശ് ചെന്നിത്തല: രാജ്യം ഭരിക്കുന്ന ഗവൺമെന്റുകൾക്ക് സാഹ ചര്യങ്ങളുടെ സമ്മർദ്ദം കാരണം പലപ്പോഴും ഇഷ്ടമില്ലാത്ത തീരുമാനങ്ങളെ ടുക്കേണ്ടിവരുമെങ്കിലും ഇൻഡ്യാ ഗവൺമെന്റ് ഇത്തരം നടപടികൾ കഴിയു ന്നത്ര ഒഴിവാക്കാനുള്ള പരിശ്രമങ്ങളാണ് നടത്തുന്നത്. രാജ്യാന്തര വിപണി യിലുള്ള ക്രൂഡ് ഓയിലിന്റെ വിലക്കയറ്റം, രൂപയുടെ മൂല്യച്യുതി, ഇറക്കുമതി ചെലവിലുള്ള ക്രമാതീതമായ വർദ്ധനവ്, പൊതുമേഖലാ ഓയിൽ കമ്പനിക ളുടെ ഭീമമായ നഷ്ടം എന്നിവയാണ് പെട്രോളിന്റെ വില വർദ്ധനവിനുള്ള കാരണങ്ങൾ. എണ്ണയുൽപ്പാദനത്തിൽ വന്ന കുറവും വിലവർദ്ധനവിന് കാര ണമായിട്ടുണ്ട്. ഇന്റർനാഷണൽ എനർജി ഏജൻസി ഈ കാര്യങ്ങളിൽ ഇട പെട്ട് വൻതോതിൽ ക്രൂഡ് ഓയിൽ മാർക്കറ്റിലേക്ക് വരുത്താനുള്ള നടപടി കൾ സ്വീകരിക്കുന്നുണ്ട്. ഇൻഡ്യയ്ക്കാവശ്യമായ പെട്രോളിയം ഉൽപ്പ ന്നങ്ങളുടെ 83 ശതമാനവും ഇറക്കുമതി ചെയ്യുകയാണ്. പൊതുമേഖലാ എണ്ണ കമ്പനികൾ പ്രതിസന്ധി നേരിടുമ്പോൾ അവരെ സംരക്ഷിക്കേണ്ട ചുമ

തല കേന്ദ്ര ഗവൺമെന്റിനുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രതിവർഷം 15,000 കോടി രൂപ നൽകിയിട്ടും ഈ കമ്പനികൾക്ക് ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. 1,72,000 കോടി രൂപയാണ് ഈ കമ്പനികൾ നഷ്ടം വഹിക്കുന്നത്. സബ്സിഡിയും ക്രോസ് സബ്സിഡിയും കൊടുത്തുകൊണ്ടാണ് എൽ.പി.ജി. സിലിണ്ടറും മണ്ണെണ്ണയും ഇവിടെ വിൽക്കുന്നത്. ധനക്കമ്മി നാല് ശതമാനമായി കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റിന് പദ്ധതിയുണ്ടായിരുന്നെങ്കിലും ഇൻഡ്യയിലെ ജനങ്ങൾക്ക് ആശ്വാസമെത്തിക്കാൻ വേണ്ടി ഇംപോർട്ട് ഡ്യൂട്ടിയിലും എക്സൈസ് ഡ്യൂട്ടിയിലും കുറവ് വരുത്തിയതുകാരണം 49,000 കോടി രൂപ കേന്ദ്ര ഗവൺമെന്റിന് നഷ്ടമുണ്ടായി. മൂന്ന് പ്രാവശ്യം പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിച്ചപ്പോഴും അധിക നികുതി വേണ്ടെന്നുവച്ച സംസ്ഥാന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഇന്ധനവിലയുടെ നികുതി നിരക്ക് കുറയ്ക്കാനുള്ള നടപടികൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിച്ചെങ്കിൽ മാത്രമേ ഓയിൽ സെക്ടറിലുണ്ടായിരിക്കുന്ന പ്രതിസന്ധി നേരിടാൻ സാധിക്കൂ. അന്താരാഷ്ട്ര വിപണിയിലുണ്ടാകുന്ന മാറ്റത്തിന്റേയും രൂപയുടെ മൂല്യം കുറയുന്നതിന്റെയും ഫലമായുണ്ടാകുന്ന ഗുരുതരമായ പ്രശ്നമാണിത്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വിലകുറയുമ്പോൾ വിലവർദ്ധനവ് കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നുണ്ടെന്നത് വസ്തുതയാണ്. കേന്ദ്ര ഗവൺമെന്റ് ഓയിൽ കമ്പനികൾക്ക് വില നിർണ്ണയിക്കാനുള്ള അവകാശം കൊടുത്തതിനോട് വിയോജിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ വമ്പിച്ച സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനാൽ ഓയിൽ കമ്പനികൾക്ക് നൽകിയിരുന്ന സബ്സിഡി ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ല. ഈ ഓയിൽ കമ്പനികളെ സംരക്ഷിക്കാനും നിലനിർത്താനും കേന്ദ്ര ഗവൺമന്റിന് ബാദ്ധ്യതയുണ്ട്.

ഇവയെ നിലനിർത്തിക്കൊണ്ട് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് തിരിച്ചെടുക്കണം. ഇക്കാര്യം പ്രധാനമന്ത്രിയേയും യു.പി.എ. ചെയർപേഴ്സണേയും നേരിട്ട് കണ്ട് അറിയിക്കുന്നതാണ്. ഈ വിലവർദ്ധനവിനെ ഒരിക്കലും ന്യായീകരിക്കുന്നില്ല. വസ്തുതകൾ മനസ്സിലാക്കി യാഥാർത്ഥ്യബോധത്തോടുകൂടി മുന്നോട്ടു പോകണം.

<u>ശ്രീ. എളമരം കരീം</u>: പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റം കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന നയത്തിന്റെ ഭാഗമാണ്. ഇത് അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ ലഭ്യതക്കുറവുമൂലം സംഭവിക്കുന്നതല്ല. 1991 മുതൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിവരുന്ന ആഗോളവൽക്കരണ നയത്തിന്റേയും രണ്ടാം യു.പി.എ. ഗവൺമെന്റ് നിയോ ലിബറൽ നയങ്ങൾ ശക്തിപ്പെടുത്തിയതിന്റേയും ഫലമായാണ് വിലക്കയറ്റം ഉണ്ടായിട്ടുള്ളത്. എണ്ണക്കമ്പനികൾ ഭീമമായ നഷ്ടത്തിലാണെന്നുപറയുന്നത് ശരിയല്ല. വിതരണ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾക്കുമാത്രമാണ് ലാഭവിഹിതത്തിൽ കുറവുവരുന്നത്. ലാഭം വർദ്ധിച്ചുവരുന്നതിനെത്തുടർന്ന് റിലയൻസ് പോലുള്ള കമ്പനികളുടെ പുതിയ ഔട്ട്ലെറ്റുകൾ കമ്പോളത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഈ വർഷം മൂന്നുതവണയാണ് കേന്ദ്ര ഗവൺമെന്റ് പെട്രോൾ വില വർദ്ധിപ്പിച്ചത്. വൻതുക പെട്രോളിയം ഉൽപ്പന്നങ്ങളുടെമേൽ കേന്ദ്ര ഗവൺമെന്റ് നികുതി ചുമത്തുന്നുണ്ടെങ്കിലും ഓയിൽ കമ്പനികൾക്ക് സബ്സിഡിയായി കൊടുക്കുന്നത് തുച്ഛമായ തുകയാണ്. ജി.ഡി.പി. ടാക്സ് റേഷ്യോ ഏറ്റവും കുറഞ്ഞ രാജ്യമായ ഇൻഡ്യയിൽ വൻകിടക്കാരുടെമേൽ നികുതി ചുമത്താതെ പാവപ്പെട്ടവനെ ചൂഷണം ചെയ്യുകയാണ് ചെയ്യുന്നത്. പെട്രോൾ വിലവർദ്ധനവ് ഭക്ഷ്യവസ്തുക്കളുടേയും വ്യാവസായികോൽപ്പ

ന്നങ്ങളുടേയും വില വർദ്ധനവിനും വൈദ്യുതിരംഗം തുടങ്ങി നാനാമേഖല കളിലും പ്രത്യാഘാതമുണ്ടാക്കാനും കാരണമാകും. അന്താരാഷ്ട്ര കമ്പോള ത്തിൽ ക്രൂഡോയിലിന്റെ വില കൂടുമ്പോൾ ചില്ലറ വിൽപ്പന നടത്തുന്ന കമ്പനികളുടെ ലാഭത്തിൽ ചെറിയ കുറവ് വരുമെന്നല്ലാതെ സംസ്ക്കരണ കമ്പനികൾക്ക് യാതൊരു നഷ്ടവും സംഭവിക്കുന്നില്ല. സംസ്ക്കരണ കമ്പനി കൾക്കും കേന്ദ്ര ഗവൺമെന്റിനും കിട്ടുന്ന വരുമാനത്തിന്റെ ഒരു വിഹിതം ചില്ലറ വിൽപ്പന നടത്തുന്ന കമ്പനികളുമായി പങ്കിട്ട് ഈ പ്രശ്നം തീർക്കുന്ന തിനുപകരം ഈ ഭാരം മുഴുവൻ ജനങ്ങളുടെമേൽ ചുമത്തുന്നത് ശരിയല്ല. ഇൻഡ്യാ ഗവൺമെന്റിന്റെ എക്സൈസ് നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ടുഭാഗവും പെട്രോളിയം മേഖലയിൽനിന്നാണ് ലഭിക്കുന്നത്. വരു മാനമുണ്ടാക്കാൻ വൻകിട സ്വകാര്യ കമ്പനികളെ സഹായിക്കുന്ന നയത്തി ലേക്കാണ് കേന്ദ്രഗവൺമെന്റ് പോകുന്നത്. ഇൻഡ്യയിൽ പെട്രോളിയം മേഖ ലയിൽ റിലയൻസ് ഉൾപ്പെടെ എട്ട് കമ്പനികളാണ് കടന്നുവന്നിട്ടുള്ളത്. കേന്ദ്ര നയത്തിൽ മാറ്റം വരുത്തി രാജ്യത്തെ എണ്ണ മേഖല പൂർണ്ണമായും സ്വകാര്യ കമ്പനികളുടെ കൈകളിലെത്തിച്ചേരുമെന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. ഈ പ്രമേയവും നാളെ തൊഴിലാളികൾ നടത്തുന്ന വാഹന പണിമുടക്കും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഇവിടെ നടന്ന ചർച്ചയുടെ വികാരത്തോട് ഗവൺമെന്റ് പൂർണ്ണമായി യോജിക്കുന്നു. സാമാന്യജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഇടയ്ക്കിടെയുണ്ടാകുന്ന പെട്രോൾ വിലവർദ്ധനവ് പരിഹരിക്കപ്പെടേണ്ടതാ ണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയം കൊണ്ടുമാത്രമാണ് ഇത്തര

മൊരു അവസ്ഥയിൽ എത്തിച്ചേർന്നതെന്ന പ്രതിപക്ഷത്തിന്റെ അഭിപ്രായ ത്തോട് പൂർണ്ണമായും യോജിക്കാൻ കഴിയില്ല. ആഭ്യന്തരാവശ്യത്തിന്റെ 80 ശതമാനം പെട്രോളിയം ഉത്പന്നങ്ങളും ഇറക്കുമതിചെയ്യുകയാണ്. ഓയിൽ കമ്പനികൾ ഓയിലിന്റെ വിലവർദ്ധിപ്പിക്കാൻ പാടില്ലെന്ന നിലപാട് സ്വീകരി ക്കാൻ ആർക്കും സാധിക്കില്ല. ഓയിൽ കമ്പനികൾ പെട്രോളിയം ഉത്പന്നങ്ങ ളുടെ വിലവർദ്ധിപ്പിക്കുമ്പോൾ തദനുസരണമായി പെട്രോളിന്റെ വിലയും വർദ്ധിപ്പിക്കേണ്ടിവരും. അല്ലാതെ ഇൻഡ്യാ ഗവൺമെന്റിന്റെ നയപരമായ കുഴപ്പം കൊണ്ടല്ല പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കേണ്ടി വന്നത്. പെട്രോൾവില വർദ്ധനവ് എങ്ങനെ മിനിമൈസ് ചെയ്യാമെന്നതി നെക്കുറിച്ചാണ് നിയമസഭയും സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്. യാതൊരനുപാത വുമില്ലാതെ പെട്രോൾ വില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധി ക്കാൻ ഒരു മോണിറ്ററിംഗ് സിസ്റ്റം ഉണ്ടാക്കണം. കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായിരുന്ന വിലനിയന്ത്രണാധികാരം എടുത്തുമാറ്റുകയും മാർക്കറ്റ് വിലയനുസരിച്ച് വില നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം പെട്രോളിയം കമ്പനികൾക്ക് നൽകുകയും ചെയ്തത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഓയിൽ പ്രൈസ് വർദ്ധിപ്പിക്കുമ്പോൾ റെഗുലേറ്ററി അതോറിറ്റിയുമായി കൺസൽട്ട് ചെയ്ത് ഇക്വിറ്റബിളായി വില വർദ്ധിപ്പിക്കുകയോ വില നിയന്ത്രണാധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കുകയോ ചെയ്യണം. ഡെഫിസിറ്റ് ഫിനാൻസിംഗാണോ വില വർദ്ധനവാണോ കൂടുതൽ അപകടകരമെന്ന് ആലോചിച്ച് തീരുമാനമെടു ക്കണം. മുഴുവൻ ഭാരവും വില വർദ്ധനവിലൂടെ പരിഹരിക്കാതെ കുറച്ച് സബ്സിഡിയിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കണം.

ജനങ്ങളുടെ മേൽ അമിതഭാരം അടിച്ചേൽപ്പിക്കാതിരിക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 16 തവണ പെട്രോളിന്റെയും 10 തവണ ഡീസലിന്റെയും വില വർദ്ധിപ്പിച്ചിട്ടും ഒരു രൂപ പോലും കുറയ്ക്കാൻ സംസ്ഥാന സർക്കാർ തയ്യാറായില്ല. എന്നാൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 മേയ്, ജൂൺ, സെപ്റ്റംബർ മാസങ്ങളിലായി പെട്രോൾ-ഡീസൽ വില വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന അധിക വരുമാനം വേണ്ടെന്നുവയ്ക്കുകയുണ്ടായി. കേന്ദ്ര സർക്കാർ പെട്രോളിന് വില വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാന സർക്കാരിന് കിട്ടുന്ന തുക വരുമാനമായി കണക്കാക്കാതെ അധികച്ചെലവ് തട്ടിക്കിഴിച്ച് ബാക്കി ഉപേക്ഷിക്കുന്ന ഒരു സ്ഥിരം നയത്തിലേക്ക് പോകണം. കിട്ടുന്ന വരുമാനത്തിന്റെ നല്ല പങ്കും ജനങ്ങൾക്ക് കൈമാറുക എന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. ഓയിൽ പ്രൊഡ്യൂസിംഗ് കമ്പനികൾ ഓയിൽ വില വർദ്ധിപ്പിക്കുമ്പോൾതന്നെ പെട്രോളിയം കമ്പനികളും വില വർദ്ധിപ്പിക്കാതെ ഇക്വിറ്റബിളും ജുഡീഷ്യസുമായി വില നിശ്ചയിക്കുന്ന ഒരു സംവിധാനം ആവിഷ്ക്കരിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കണം. അക്കാര്യത്തിൽ എല്ലാവരും യോജിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പെട്രോൾ-ഡീസൽ വിലയനിയന്ത്രണാധികാരം പഴയതുപോലെ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കണമെന്നതിനോട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും യോജിക്കണം. പെട്രോൾ വിലവർദ്ധനവുമൂലം സംസ്ഥാന സർക്കാരിന് കിട്ടുന്ന അധിക വരുമാനം ഉപേക്ഷിക്കണമെന്ന് പ്രതിപക്ഷം

ആവശ്യപ്പെട്ടിട്ടില്ല. അധികാരത്തിലിരിക്കുമ്പോൾ ഇഷ്ടമില്ലാത്ത ചില തീരുമാനങ്ങൾ എടുക്കേണ്ടി വരികയും ചില യാഥാർത്ഥ്യങ്ങൾ നേരിടേണ്ടി വരികയും ചെയ്യുമെന്നതാണ് ഇന്ന് സംഭവിച്ചിട്ടുള്ളത്. രൂപയുടെ മൂല്യം ഇടിഞ്ഞ സാഹചര്യത്തിൽ കേന്ദ്ര ഗവണ്മെന്റിന് പെട്രോളിയം കമ്പനി കൾക്ക് നൽകിയ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഉപേക്ഷിക്കേണ്ടിവരും. ക്രൂഡോയി ലിന്റെ വില ബാരലിന് 108 ഡോളറുള്ളപ്പോഴും ഡീസലിന് ഒരു ലിറ്ററിന് 7 രൂപയും മണ്ണെണ്ണയ്ക്ക് 26 രൂപയും പാചകവാതകത്തിന് 395 രൂപയും സബ്സിഡി കൊടുക്കുന്നതിലൂടെ കേന്ദ്ര ഗവണ്മെന്റിന് ഒരു ലക്ഷത്തി ഇരുപ തിനായിരം കോടി രൂപയുടെ അധികവിഭവം കഴിഞ്ഞ വർഷം കണ്ടെത്തേണ്ടി യിരുന്നു. വിലവർദ്ധനവ് ഒഴിവാക്കണമെന്നതാണ് ഗവണ്മെന്റിന്റെ സമീപനം. പെട്രോളിനും ഡീസലിനും വില നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര ഗവണ്മെന്റിനുതന്നെയായിരിക്കണം. കഴിഞ്ഞ 5 മാസത്തിനിടയിൽ 3 പ്രാവ ശ്യം വിലവർദ്ധനവുണ്ടായപ്പോൾ അധികവരുമാനം വേണ്ടെന്നുവച്ചതിലൂടെ 396 കോടി രൂപയുടെ നഷ്ടം സംസ്ഥാന ഗവണ്മെന്റിനുണ്ടായി. യു.ഡി.എഫ്. ഗവണ്മെന്റ് അധികാരമേൽക്കുമ്പോഴുണ്ടായിരുന്ന പെട്രോളിന്റെ നികുതി 29.01 ശതമാനത്തിൽനിന്നും 25.42 ആയും ഡീസലിന്റേത് 24.69-ൽനിന്നും 22.6 ശത മാനമായും കുറച്ചു. ഓയിൽ കമ്പനികളുടെ അമിതച്ചെലവ് കുറയ്ക്കുകയും ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുകയും ഇറക്കുമതി പരമാവധി കുറ യ്ക്കുകയും ചെയ്താൽ വിലവർദ്ധനവ് നിയന്ത്രിക്കാൻ കഴിയും. ഇവിടെ നടന്ന ചർച്ചയുടെയും ഗവണ്മെന്റ് സ്വീകരിച്ച ഉദാരമായ സമീപനത്തിന്റെയും അടിസ്ഥാനത്തിൽ നാളെ നടത്താൻ നിശ്ചയിച്ചിരിക്കുന്ന മോട്ടോർ വാഹന പണിമുടക്ക് പിൻവലിക്കണം. വില വർദ്ധനവിലുള്ള സംസ്ഥാനത്തിന്റെ പ്രതി ഷേധവും പ്രൈസ് കൺട്രോൾ ചെയ്യാനുള്ള അധികാരം കേന്ദ്ര ഗവണ്മെന്റിൽ

നിക്ഷിപ്തമാക്കണമെന്ന അഭ്യർത്ഥനയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഔദ്യോഗികപ്രമേയം കൊണ്ടു വരുന്നതാണ്. വർദ്ധിപ്പിച്ച വിലയുടെ അധിക നികുതി വേണ്ടെന്നുവയ്ക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഇവിടെ നടന്ന ചർച്ചയും സർക്കുലേറ്റ് ചെയ്ത പ്രമേയത്തിന്റെ സ്പിരിറ്റും പ്രൈസ് കൺട്രോൾ ചെയ്യാനുള്ള അധികാരം കേന്ദ്രഗവൺമെന്റിൽ തന്നെ നിലനിർത്തണമെന്നതാണ്. അതനുസരിച്ച് ഗവൺമെന്റ് പ്രമേയം കൊണ്ടുവരികയാണ്.

"നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് വഴി തെളിക്കുന്ന രീതിയിൽ പെട്രോളിന്റെ വില തുടർച്ചയായി വർദ്ധിപ്പിക്കുന്നതിൽ സംസ്ഥാന നിയമസഭ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. എണ്ണ ഉല്പാദക രാഷ്ട്രങ്ങൾ എണ്ണ വില വർദ്ധിപ്പിക്കുമ്പോഴും രൂപയുടെ മൂല്യം കുറയുമ്പോഴും എണ്ണകമ്പനികൾക്ക് ഏകപക്ഷീയമായി വില വർദ്ധിപ്പിക്കാൻ സഹായകരമായ ഇപ്പോഴത്തെ നയം പുന:പരിശോധിക്കണമെന്നും എണ്ണവില നിയന്ത്രണാധികാരം കേന്ദ്ര ഗവൺമെന്റിൽ തന്നെ നിലനിർത്തണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു."

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽ "സംസ്ഥാന നിയമസഭ ഉത്കണ്ഠ രേഖപ്പെടുത്തുന്നു" എന്നതിനുശേഷം "ഇന്നലെ പെട്രോളിന് വർദ്ധിപ്പിച്ച 1 രൂപ 82 പൈസ റദ്ദാക്കണമെന്നും" എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന് "വർദ്ധിപ്പിച്ച 1 രൂപ 82 പൈസ പിൻവലിക്കണമെന്ന് ഈ സഭ

ഐകകണ്ഠ്യേന കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു" എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ഡോ. തോമസ് ഐസക് അവതരിപ്പിച്ച പ്രമേയവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന് ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. സി. ദിവാകരനും അവതരിപ്പിച്ച ഭേദഗതികളും 63 നെതിരെ 70 വോട്ടുകളോടെ സഭ നിരാകരിച്ചു.

മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന സഭ അംഗീകരിച്ചു.

## പ്രസ്താവന

### 1) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ക്ഷാമബത്ത

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.മാണി) : സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും അത്യാവശ്യം നടക്കേണ്ട കാര്യങ്ങൾ തടസ്സമില്ലാതെ ഗവൺമെന്റ് നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. പെട്രോൾ-ഡീസൽ വിലവർദ്ധനയുടെ ഫലമായി ഉണ്ടായിരിക്കുന്ന വിലക്കയറ്റവും ജീവിതച്ചെലവുകളിൽ വന്നിരിക്കുന്ന മാറ്റവും പരിമിത വരുമാനക്കാരായ സർക്കാർ ജീവനക്കാരെ ഏറെ ബാധിക്കുമെന്നതിനാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും സ്റ്റേറ്റ് പെൻഷനേഴ്സിനും കുടുംബ പെൻഷൻകാർക്കും 1-7-2011 മുതൽ 7 ശതമാനം ക്ഷാമബത്ത അനുവദിക്കുന്നു. നിലവിലുള്ള 24 ശതമാനം ക്ഷാമബത്ത 31 ശതമാനമായി വർദ്ധിപ്പിക്കുന്നതാണ്. ഇതുമൂലം സർക്കാരിന് പ്രതിമാസം 80 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടാകും. വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്ത ഡിസംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതും ജൂലായ് 2011 മുതൽ നവംബർ 2011 വരെയുള്ള കുടിശ്ശിക പ്രോവിഡന്റ്

ഫണ്ടിൽ ലയിപ്പിക്കുന്നതുമാണ്. പെൻഷൻകാർക്ക് കുടിശ്ശിക പണമായി നൽകുന്നതാണ്.

2) <u>പ്രത്യേക പരാമർശം സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻചാണ്ടി</u>) : പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട് അനുസരിച്ച് ശിക്ഷിച്ച രണ്ട് പേരെ റിലീസ് ചെയ്തത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.

**<u>നിയമനിർമ്മാണകാര്യം - തുടർച്ച:</u>**

**<u>2011-ലെ കേരള ധനവിനിയോഗ ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും</u> (തുടർച്ച)**

2011-ലെ കേരള ധനവിനിയോഗ (3 മുതൽ 14-ാം നമ്പർ വരെയുള്ള) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും</u>

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലുകളുടെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലുകളുടെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): 2011-ലെ കേരള ധനവിനിയോഗ (3 മുതൽ 13-ാം നമ്പർ വരെയുള്ള) ബില്ലുകൾ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള ധനവിനിയോഗ (3 മുതൽ 13-ാം നമ്പർ വരെയുള്ള) ബില്ലുകൾ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സഭ പാസ്സാക്കി.

2011-ലെ കേരള ധനവിനിയോഗ (14-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 63-നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അവകാശ ലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: 14-07-2011-ൽ ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടി പറയവേ ബഹുമാനപ്പെട്ട ധനകാര്യവും നിയമവും വകുപ്പുമന്ത്രി നടത്തിയ ചില പരാമർശങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ഡോ.ടി.എം. തോമസ് ഐസക് നൽകിയ നോട്ടീസ്, കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) നമ്പർ 2 ബില്ലിന്മേൽ നടന്ന വോട്ടെടുപ്പിനെക്കുറിച്ച് പത്രമാദ്ധ്യമങ്ങളിൽ തെറ്റായ വാർത്ത നൽകുകയും സഭയിൽ ഇല്ലാതിരുന്ന അംഗങ്ങളുടെ വോട്ട് കള്ളവോട്ടായി രേഖപ്പെടുത്തിയതായി പറഞ്ഞതിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ., സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ എന്നിവർക്കെതിരെ ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ്, കാട്ടാക്കടയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുബന്ധമായി ആരംഭിച്ച വ്യാപാര സമുച്ചയത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട ചടങ്ങിൽ ബഹുമാനപ്പെട്ട സ്പീക്കറെ ക്ഷണിച്ചിരുന്നെങ്കിലും സഭാദ്ധ്യക്ഷനെന്ന നിലയിൽ പ്രോട്ടോക്കോൾ അനുസരിച്ച് നൽകേണ്ട

പരിഗണന നൽകിയില്ലെന്ന കാരണത്താൽ ബഹുമാനപ്പെട്ട സ്പീക്കർ പങ്കെടുത്തില്ലെന്ന പത്രവാർത്ത സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്കുമെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് നൽകിയ നോട്ടീസ്, 13-10-2011-ന് കയർ വകുപ്പിന്റെ ധനാഭ്യർത്ഥനയ്ക്കുള്ള മറുപടി പറഞ്ഞ അവസരത്തിൽ ബഹുമാനപ്പെട്ട ആരോഗ്യവും കയറും വകുപ്പുമന്ത്രി തെറ്റായ പരാമർശങ്ങൾ നടത്തിയെന്നുകാണിച്ച് ശ്രീ. ജി. സുധാകരൻ, എം.എൽ.എ., നൽകിയ അവകാശലംഘന നോട്ടീസ്, എന്നിവയ്ക്ക് ബന്ധപ്പെട്ടവരിൽ നിന്നു ലഭിച്ച വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ അനുമതി നിഷേധിക്കുന്നു.

**<u>പരിഗണനയിലിരിക്കുന്നവ</u>**

13-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നടന്നുവരവെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം നടത്തുന്നതിനു മുൻപായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കാരിന്റെ 100 ദിനകർമ്മപരിപാടിയും നയവും പ്രഖ്യാപിച്ചത് അവകാശലംഘന പ്രശ്നമാണെന്ന് കാണിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസ്, 29-6-2011-ന് കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് എസ്.എഫ്.ഐ. നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിൽ പങ്കെടുത്ത ശ്രീ. ആർ. രാജേഷ് എം.എൽ.എ. തന്നെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നൽകിയ അവകാശലംഘന നോട്ടീസ്, 20-07-2011-ന് 2011-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) നമ്പർ 2 ബില്ലിന്റെ വോട്ടെടുപ്പുമായി ബന്ധപ്പെട്ട് ഭരണകക്ഷി അംഗങ്ങളെ അവഹേളിച്ചു സംസാരിച്ചതിന് പ്രതിപക്ഷ നേതാവിനെതിരെ ശ്രീ. ബെന്നി ബെഹനാൻ, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ്, 9-8-2011-ലെ സബ്ജക്ട് കമ്മിറ്റി

XIV–ന്റെ യോഗത്തിലെ ചില സംഭാഷണങ്ങൾ തെറ്റായ രീതിയിൽ പ്രസിദ്ധീകരിച്ചതിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. മലയാള മനോരമ പത്രത്തിനെതിരെ നൽകിയ അവകാശലംഘന നോട്ടീസ്, 3–10–2011–ലെ അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞ അവസരത്തിൽ നിയമലംഘനത്തെ ചട്ടലംഘനമായി വ്യാഖ്യാനിച്ചു സംസാരിച്ചുവെന്ന് കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ്, തിരുവനന്തപുരം ടൈറ്റാനിയം ഫാക്ടറിയിൽ മലിനീകരണ നിയന്ത്രണ പദ്ധതി നടപ്പാക്കിയ വിഷയത്തിന്മേലുള്ള അടിയന്തര പ്രമേയത്തിന്റെ ചർച്ചാവേളയിൽ പ്രസ്തുത വിഷയം സി.ബി.ഐ.യ്ക്ക് വിടുന്നത് സംബന്ധിച്ച ഹർജി കോടതിയുടെ പരിഗണനയിലാണെന്ന് തെറ്റായി പരാമർശിച്ചുവെന്നാരോപിച്ച് ശ്രീ. വി.എസ്. സുനിൽകുമാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ നൽകിയ അവകാശലംഘന നോട്ടീസ്, 24–10–2011–ന് നടന്ന അടിയന്തര പ്രമേയ ചർച്ചയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ഡോ. ടി.എം. തോമസ് ഐസക് നൽകിയ അവകാശലംഘന നോട്ടീസ്, ശ്രീ. പി.സി. ജോർജ് എം.എൽ.എ. ജാതിപ്പേര് വിളിച്ച് അപമാനിച്ചതിനെതിരെ ശ്രീ. എ.കെ. ബാലൻ എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ്, 19–10–2011–ൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിയ വേളയിൽ ധനകാര്യവും നിയമവും വകുപ്പുമന്ത്രി നല്കിയ വിശദീകരണം വസ്തുതാപരമല്ല എന്നാരോപിച്ച് അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ഡോ.ടി.എം. തോമസ് ഐസക് നൽകിയ നോട്ടീസ്, ആലപ്പുഴ മെഡിക്കൽ കോളേജിൽ നടത്തിയ ഒരു ചടങ്ങിൽ തന്നെ പങ്കെടുപ്പിക്കാത്ത മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ഹൗസ് സർജൻസ് അസോ

സിയേഷൻ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. ജി. സുധാകരൻ നൽകിയ നോട്ടീസ്, നിയമ സഭയിൽ ഒക്ടോബർ 14-ാം തീയതി ഉണ്ടായ സംഭവങ്ങളെത്തുടർന്ന് പുറത്ത് നടത്തിയ പത്രസമ്മേളനങ്ങളേയും പ്രസംഗങ്ങളേയും ആധാരമാക്കി ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ്, മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ഗ്രാമവികസനവും ആസൂത്രണവും വകുപ്പുമന്ത്രി ശ്രീ. കെ.സി. ജോസഫ്, ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ. എന്നിവർക്കെ തിരെ അവകാശലംഘനപ്രശ്നം ഉന്നയിച്ച് ശ്രീ. ജെയിംസ് മാത്യു, ശ്രീ. ടി.വി. രാജേഷ് എന്നിവർ നൽകിയ നോട്ടീസുകൾ, നവംബർ 3-ാം തീയതി മീഡിയാ റൂമിൽ നടത്തിയ പത്രസമ്മേളനത്തിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയി ക്കുന്നതിന് സർവ്വശ്രീ. രാജു എബ്രഹാം, വി.എസ്. സുനിൽ കുമാർ, വി. ശിവൻകുട്ടി എന്നീ അംഗങ്ങൾ നൽകിയ അവകാശലംഘന നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

<u>റൂളിംഗ്</u>

<u>(1) ബാങ്കുകൾ വഴി ശമ്പളം വിതരണം ചെയ്യാനുള്ള തീരുമാനം</u>

<u>മി. സ്പീക്കർ:</u> 19-10-2011-ൽ ഡോ. ടി.എം. തോമസ് ഐസക് അവതര ണാനുമതി തേടിയ അടിയന്തര പ്രമേയ നോട്ടീസിന് മറുപടി നൽകിയ ധനകാ ര്യവും നിയമവും വകുപ്പുമന്ത്രി ന്യൂ ജനറേഷൻ ബാങ്കുകൾക്ക് സർക്കാരു മായി ബന്ധപ്പെട്ട ബാങ്ക് ഇടപാടുകൾ നടത്താൻ അനുമതി നൽകിയിട്ടില്ലെന്ന് പ്രസ്താവിച്ചത് വാസ്തവ വിരുദ്ധമാണെന്നും അത് സഭയെ തെറ്റിദ്ധരിപ്പിക്കു ന്നതാകയാൽ അക്കാര്യം പരിശോധിക്കണമെന്നും ശ്രീ. എ.കെ. ശശീന്ദ്രൻ

അഭ്യർത്ഥിച്ചതനുസരിച്ച് പ്രൊസീഡിംഗ്സ് പരിശോധിച്ചതിൽനിന്നും ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി തന്റെ മറുപടിയിൽ ഗവൺമെന്റ് ജീവനക്കാരുടെ ശമ്പളം പൊതുമേഖലാ ബാങ്കുകൾ വഴി നൽകുന്നതിനുള്ള ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും ജീവനക്കാരുടെ ശമ്പളം ന്യൂ ജനറേഷൻ ബാങ്കുവഴി നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ലെന്നുമാണ് പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം തന്റെ കത്തിനോടൊപ്പം നൽകിയ ഉത്തരവ് ഗവൺമെന്റിന്റെ കീഴിലുള്ള സ്റ്റാറ്റ്യൂട്ടറി ഓട്ടോണമസ് സ്ഥാപനങ്ങൾക്ക് തങ്ങളുടെ ബാങ്കിംഗ് ഇടപാടുകൾ മൂന്ന് ന്യൂ ജനറേഷൻ ബാങ്കുകൾ വഴി നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ളതാണ്. അതിനാൽ മന്ത്രിയുടെ പ്രസ്താവന സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നുള്ള അംഗത്തിന്റെ പരാമർശം വസ്തുതാപരമല്ല.

### (2) <u>സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നത് സംബന്ധിച്ച്</u>

സഭയ്ക്കുള്ളിൽ ചെയർ നൽകുന്ന റൂളിംഗുകൾക്ക് വില കൽപ്പിക്കുകയും അനുസരിക്കുകയും ചെയ്യുക വഴി നിയമസഭയുടെ അന്തസ്സ് ഉയരുകയാണ് ചെയ്യുന്നത്. ഒരംഗം സഭയിൽ സംസാരിക്കുമ്പോൾ സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാൻ പാടില്ലെന്ന് നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിന്റെ 5(6) അനുശാസിക്കുന്നു. പെരുമാറ്റച്ചട്ട ലംഘനത്തിന് സ്പീക്കർക്കും സഭയ്ക്കും അംഗങ്ങൾക്ക് നൽകാവുന്ന ശിക്ഷ ചട്ടം 503-ൽ പ്രസ്താവിച്ചിട്ടുണ്ട്. സ്പീക്കറുടെ റൂളിംഗിനെ സഭയ്ക്ക് പുറത്ത് വിമർശിക്കുന്നതും ചോദ്യം ചെയ്യുന്നതും ഭരണഘടനാസ്ഥാനത്തെ ക്ഷീണിപ്പിക്കാൻ മാത്രമേ ഉതകുകയുള്ളൂ. 14-07-2008-ൽ അന്നത്തെ സ്പീക്കറുടെ റൂളിംഗിൽ പറയുന്നത്, സ്പീക്കറുടെ റൂളിംഗിനെ പ്രത്യക്ഷമായോ പരോക്ഷമായോ സഭയ്ക്കകത്തോ പുറത്തോ ചോദ്യം

ചെയ്യുന്നത് കണ്ടംപ്റ്റാണെന്നാണ്. ഇക്കാര്യത്തെക്കുറിച്ച് ശക്ധർ ആന്റ് കൗളിലും പ്രതിപാദിച്ചിട്ടുണ്ട്.

## സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മറ്റ് അത്യാവശ്യ ബസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

13-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിനിടയിൽ അന്തരിച്ച ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ടി.എം. ജേക്കബ്ബിന്റെ അകാല വിയോഗത്തെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ അനുസ്മരിക്കുകയും സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് സംഷിപ്തവിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹായിച്ച എല്ലാവർക്കും നന്ദിരേഖപ്പെടുത്തുകയും പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

(സഭ വൈകുന്നേരം 5.45-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)

@@@@@@